# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെറ്റിഎം പി11-1899/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെറ്റിഎം പി11-1899/2023 തീയ്യതി: 26/12/2023

## കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2023 | 14-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2023 | 14-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
അമ്പിളി എം, അസി.ഓഡിറ്റ് ഓഫീസർ
സുനിത എം എസ്, അസി.ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഖ ദാസ് കെ എം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഗിരിജ കുമാരി അയ്യപ്പൻ | സെക്രട്ടറി | 01-04-2022 | 31-10-2022 |
| നിമ്മി ജേക്കബ് | സെക്രട്ടറി | 01-11-2022 | 16-03-2023 |
| ജോഷി മാത്യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-03-2023 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രമേശ് പി ആർ | അസി.സെക്രട്ടറി | 01-04-2022 | 29-09-2022 |
| രജനിമോൾ ടി ഡി | അസി.സെക്രട്ടറി | 30-09-2022 | 10-01-2023 |
| ജോഷി മാത്യു | അസി.സെക്രട്ടറി | 11-01-2023 | 31-03-2023 |
| ബെന്നി തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-04-2022 | 31-03-2023 |
| സെബാസ്ററ്യൻ മാത്യു | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. റോസ്മി കെ ബേബി | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ജോസഫ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. പദ്മനാഭൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. സിന ഇസ്മായിൽ | മെഡിക്കൽ ഓഫീസർ ,എഫ് എച്ച് സി | 01-04-2022 | 31-03-2023 |
| ജെനിറ്റ് ജെയിംസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-01-2023 |
| നീത ജോർജ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-02-2023 | 31-03-2023 |
| ജോബി സെബാസ്ററ്യൻ | വി ഇ ഒ | 01-04-2022 | 31-03-2023 |
| കണ്ണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ടെസ്സി | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| പ്രേമോൾ ദാസ് | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല | 1-1-1 |
| 3 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ ലഭ്യമല്ല | 1-1-3 |
| 5 | സ്ഥിര നിക്ഷേപം- നിക്ഷേപ രജിസ്റ്റർ , വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-6 |
| 8 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-7 |
| 9 | ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പുകളിൽ വ്യത്യാസം | 1-1-8 |
| 10 | വിവിധ വരവിനങ്ങളുടെ ഡി.സി.ബി കണക്കാക്കി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്  അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | തൻവർഷം വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുക B18 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല | 1-1-13 |
| 15 | ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് കൃത്യമല്ല | 1-1-14 |
| 16 | തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്കുകളിലെ വരവ് ചെലവ് ക്യാഷ് ബുക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-15 |
| 17 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - സേവനയിൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | വാർഷികപദ്ധതി അവലോകനം | 1-5 |
| 22 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 28 | ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റാകാതെ അവശേഷിക്കുന്നു | 1-12 |
| 29 | ലൈഫ് മിഷൻ ലോൺ അക്കൗണ്ടിൽ വലിയ തുക നിർത്തിയിരിക്കുന്നു-സർക്കാരിന് അധിക പലിശ ബാധ്യത | 1-13 |
| 30 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതിൽ വീഴ്ച | 1-14 |
| 31 | ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണം,വസ്തുനികുതി നിർണ്ണയിച്ചില്ല | 1-15 |
| 32 | സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം പെർമിറ്റ്, വസ്തുനികുതി നിർണ്ണയത്തിനായി പരിഗണിക്കുന്നില്ല | 1-16 |
| 33 | വസ്തുനികുതി നിർണ്ണയം - തറനിർമ്മിതി കണക്കിലെടുത്തില്ല | 1-17 |
| 34 | ഒരേ കെട്ടിടത്തിന്റെ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം | 1-18 |
| 35 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-19 |
| 36 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-20 |
| 37 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-21 |
| 38 | സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല | 1-22 |
| 39 | ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കിയില്ല | 1-23 |

| | | |
|---|---|---|
| 40 | വാടക - മുൻവർഷ കുടിശിക ഈടാക്കിയില്ല | 1-24 |
| 41 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-25 |
| 42 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 1-26 |
| 43 | സ്ഥിരനിക്ഷേപങ്ങൾ - കണക്കുകളിൽ അവ്യക്തത | 1-27 |
| 44 | ആംബുലൻസ് ലഭ്യമായശേഷവും പാലിയേറ്റീവ് പദ്ധതിയ്ക്കായി വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു-ഒഴിവാക്കാനാവുമായിരുന്ന പാഴ്ച്ചെലവ് | 1-28 |
| 45 | തിലകൻ സ്മാരക സാംസ്കാരിക നിലയം നിർമ്മാണം പ്രാരംഭ ചെലവിന് ശേഷം - തുടർ പ്രവർത്തനങ്ങൾ അറിയിക്കേണ്ടതാണ്-ഏറ്റെടുത്തതിന്റെ വിവരം ലഭ്യമല്ല. | 1-29 |
| 46 | തെരുവുവിളക്ക് പരിപാലനം-സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്. | 1-30 |
| 47 | വിവിധ നിക്ഷേപപ്രവൃത്തികൾ–വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-31 |
| 48 | പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന്റെ വാടക പ്രോജക്ട് പ്രകാരം നല്കിയത് ക്രമപ്രകാരമല്ല | 1-32 |
| 49 | എസ്.സി പഠനമുറി നിർമ്മാണം -നാളിതുവരെ പണി പൂർത്തിയാക്കിയില്ല | 1-33 |
| 50 | എസ്.ടി -പഠനമുറി നിർമ്മാണം-പരമാവധി സബ്സിഡി തുക അനുവദിക്കുന്നില്ല | 1-34 |
| 51 | അഗതിരഹിതകേരളം പദ്ധതി-വികസനഫണ്ട് വിഹിതം ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു | 1-35 |
| 52 | 1.22കോടിയിലധികം ചെലവഴിച്ച് ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടം - നിർമ്മാണം പാതിവഴിയിൽ | 1-36 |
| 53 | മാലിന്യസംസ്കരണം- എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്- കോടതിയുടെ അനുകൂല ഉത്തരവ് ഉണ്ടായിട്ടും പ്രൊജക്റ്റ് ഉപേക്ഷിച്ചു | 1-37 |
| 54 | ടേക്ക് എ ബ്രേക്ക്- പൂർത്തീകരണം-ജിഎസ് ടി അധികം നൽകി- | 1-38 |
| 55 | റോഡ് കണക്ടിവിറ്റി മാപ്പിങ്ങ്- - പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-39 |
| 56 | മൈക്രോളജി കുടിവെള്ളപദ്ധതി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-40 |
| 57 | ടാറിംഗ് പ്രവൃത്തികൾ– ബാരൽവില നിശ്ചിതശീർഷകത്തിൽ അടവാക്കിയിട്ടില്ല | 1-41 |
| 58 | വിവിധ തനത് ഫണ്ട് ചെലവുകൾ - അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ് | 1-42 |
| 59 | മുൻകൂർ നൽകിയ തുകകൾ - ക്രമീകരിക്കുൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-43 |
| 60 | ഓണം അഡ്വാൻസ് - ബാലൻസ് തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-44 |
| 61 | ബി 4 ഷെഡ്യൂൾ - നീക്കിയിരിപ്പ് തുകകൾ ക്രമീകരിക്കേണ്ടതാണ് | 1-45 |
| 62 | വിവിധകമ്മറ്റി തീരുമാനങ്ങൾ -നടപ്പാക്കുന്നതിൽ അലംഭാവം | 1-46 |
| 63 | അംഗനവാടികൾക്ക് വാട്ടർ ടാങ്ക് വിതരണം - നിർവ്വഹണത്തിലെ അപാകതകൾ | 1-47 |
| 64 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ -നിർവ്വഹണത്തിലെ അപാകതകൾ | 1-48 |
| 65 | ഭവനപുനരുദ്ധാരണ പ്രോജക്ട് പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല | 1- 49 |
| 66 | ലൈഫ് ഭവനപദ്ധതി- ദീർഘ കാലമായി ഭവന നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നു | 1-50 |
| 67 | ഭൂരഹിത ഭവനരഹിതരുടെ പ്രോജക്ട് പ്രകാരം ഭൂമി ലഭിച്ച ഗുണഭോക്താവ് ഭവനനിർമ്മാണത്തിന് കൈപ്പറ്റിയ ആനുകൂല്യം തിരിച്ചടച്ചു | 1-51 |
| 68 | കന്നുകുട്ടി പരിപാലനപദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-52 |
| 69 | അധിക വിഭവ സമാഹരണം - അവലോകനം | 1-53 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.06.2023 തീയതിയിലെ 3(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29.7.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ജനറൽ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

### 1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ ലഭ്യമല്ല**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-4 സ്ഥിര നിക്ഷേപം- നിക്ഷേപ രജിസ്റ്റർ , വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല**

ഭൗതികപരിശോധനയ്ക്ക് ലഭ്യമാക്കിയ സ്ഥിരനിക്ഷേപങ്ങളുടെ ബാങ്ക് സർട്ടിഫിക്കറ്റ്/സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് 2,20,29,974 /- രൂപയുടെ നിക്ഷേപമുണ്ട് . എന്നാൽ നിക്ഷേപ രജിസ്റ്റർ പ്രകാരം പഞ്ചായത്തിന് 1,33,15,113/- രൂപയുടെ നിക്ഷേപം മാത്രമാണുള്ളത്. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B12 പ്രകാരം 31.03.2023 ലെ സ്ഥിരനിക്ഷേപ കണക്കിൽ നീക്കിയിരിപ്പ് തുക 2,19,14,545/- രൂപയാണ്. ബാങ്ക് സർട്ടിഫിക്കറ്റ് പ്രകാരം കേരള ബാങ്ക്, മുണ്ടക്കയം ശാഖയിലെ സ്ഥിരനിക്ഷേപമായ 20,00,000/- രൂപയുടെ പലിശയായ 125000/- രൂപ പിൻവലിച്ചതായി കാണുന്നു. എന്നാൽ വാർഷിക കണക്കുകളിൽ ആയത് 1,27,046/-രൂപ എന്നാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

**1-1-5 ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല**

ലോൺ അക്കൗണ്ട് പലിശ 48446 രൂപ ലോൺ തിരിച്ചടവിനുള്ള തുകയിൽ ഉൾപ്പെടുത്തിയാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ ലോണിനത്തിലുള്ള യഥാർത്ഥ നീക്കിയിരിപ്പ് വാർഷിക കണക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. B5 , B16 ഷെഡ്യൂളുകൾ പൊരുത്തപ്പെടാത്തതിനുള്ള കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

**1-1-6 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല**

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും /ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം ഒരു പ്രോസസീവ് സ്റ്റേറ്റ്മെന്റ് എന്ന നിലയിൽ കണക്കാക്കി 31/03/2023 ലെ കൃത്യമായ വിവരമാണോ ബാലൻസ് ഷീറ്റ് പ്രതിഫലിപ്പിക്കുന്നതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

**1-1-7 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല**

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

**1-1-8 ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പുകളിൽ വ്യത്യാസം**

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ 31.03.2023 ലെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് RP 40(b) ഷെഡ്യൂളിൽ 10000312 രൂപയാണ്. എന്നാൽ ബി4 ഷെഡ്യൂൾ പ്രകാരം 9903669 രൂപയാണ് ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിട്ടുള്ളത്. ബി4 ഷെഡ്യൂൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വരവ് ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല ,-

**1-1-9 വിവിധ വരവിനങ്ങളുടെ ഡി.സി.ബി കണക്കാക്കി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല**

വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി , ലൈസൻസ് വരവിനങ്ങളുടെ ഡി സി ബി കണക്കാക്കിയിട്ടില്ല. ആകയാൽ വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

**1-1-10 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല**

B4 ഷെഡ്യൂളിലെ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾരജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഭൂരിഭാഗം രേഖപ്പെടുത്തലുകളും വാർഷിക കണക്ക് B4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. ലൈഫ് (സംസ്ഥാന വിഹിതം),

ശബരിമല ഗ്രാന്റ് , ഗുണഭോക്തൃവിഹിതം , ശുചിത്വ മിഷൻ , സാക്ഷരത എന്നിവയുടെയെല്ലാം എ സി ആർ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല . ഫണ്ടുകളുടെ മുൻബാക്കിയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ക്യാരി ഓവർ ചെയ്യുന്നില്ല.

### 1-1-11 ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

Auction Deposit , Contractors Retention, Rent Deposit ഇനങ്ങളിലെ ഡെപ്പോസിറ്റ് രജിസ്റ്റർ രേഖപ്പെടുത്തൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-12 അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

കെ എസ് ഇ ബി . കേരളാ വാട്ടർ അതോറിറ്റി , ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ അഡ്വാൻസ് ചെയ്ത തുകയുടെ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-13 തൻവർഷം വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുക B18 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല

തൻവർഷം കെ എസ് ഇ ബി . കേരളാ വാട്ടർ അതോറിറ്റി ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ നിക്ഷേപിച്ച തുകകൾ B18 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുകകൾ അഡ്വാൻസിൽ കുറവ് ചെയ്തിട്ടില്ല .

### 1-1-14 ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് കൃത്യമല്ല

ജില്ലാ സഹകരണ ബാങ്ക് ( 50201806720425) , STSB (Own Fund Old) , Treaury Special TSB (WGDP) എന്നിവയിൽ 31/03/23 ൽ യഥാർത്ഥത്തിൽ നീക്കിയിരിപ്പ് ഇല്ലാത്തതാണ്. എന്നാൽ RP40(b)യിൽ യഥാക്രമം 18909 രൂപ , 1413 രൂപ , 90493 രൂപ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

### 1-1-15 തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്കുകളിലെ വരവ് ചെലവ് ക്യാഷ് ബുക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

31/03/23 ലെ ഇ- പേയ്മെന്റ് അക്കൗണ്ടിലെ വരവ് NREGA ഹെഡിൽ തെറ്റായി പോസ്റ്റ് ചെയ്തതിനാൽ വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-16 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - സേവനയിൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സേവനയിൽ നിന്ന് പഞ്ചായത്ത് പരിശോധനയ്ക്കായി ലഭ്യമാക്കിയ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. തൊഴിൽ രഹിത വേതനം അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23/03/2023 തീയതിയിലെ 2/1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. പ്രതീക്ഷിത ബജറ്റ് പ്രകാരമുള്ള പ്രകാരമുള്ള വരവുചെലവു കണക്കുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 84366326 | 101958685 |
| വരവ് | 260045154 | 242779567 |
| ആകെ | 344411480 | 344738252 |
| ചെലവ് | 296176374 | 269420559 |
| നീക്കിയിരിപ്പ് | 48235106 | 75317693 |

## 1-3 സാമ്പത്തിക വിശകലനം

### റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 37976397.06 |
| ഓഡിറ്റ് വർഷത്തെ വരവ് | 122384298 |
| ആകെ | 160360695.06 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85043002 |

| | |
|---|---|
| നീക്കിയിരിപ്പ് | 75317693.06 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 242779567 |
| ആകെ ചെലവ് | 269420559 |
| വരുമാനനഷ്ടം | 26640992 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | -(1420155) |
| അറ്റ പ്രവർത്തന നഷ്ടം | 25220837 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2166362 |

**1-4 ഗ്രാന്റ് വിനിയോഗം**

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 28237770 | 28237770 | 25960313 | 2277457 | 91.93 |
| വികസന ഫണ്ട്-SCP | 0 | 15977000 | 15977000 | 12838862 | 3138138 | 80.35 |
| വികസന ഫണ്ട്- TSP | 0 | 3187000 | 3187000 | 2568975 | 618025 | 80.60 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 2624775 | 5320314* | 7945089 | 5127654 | 2817435 | 64.53 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 5543640 | 12406695 | 17950335 | 4759728 | 13190607 | 26.51 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 12830000 | 12830000 | 8761897 | 4068103 | 68.29 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 9632000 | 9632000 | 5397701 | 4234299 | 56.03 |
| ICDS ഫണ്ട് | 1283988 | 2580938 | 3864926 | 898325 | 2966601 | 23.24 |

*ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 362515 രൂപ ഉൾപ്പെടുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇ- ഗ്രാം സ്വരാജ് പോർട്ടലിൽ നിന്നുള്ള

മുന്നിരിപ്പ് , നീക്കിയിരിപ്പ് തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, റ്റി എസ് പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 4936368 രൂപ, 1300254 രൂപ, 99082/- രൂപ വീതം അങ്കണവാടി ഹോണറേറിയം, KURDFC വായ്പ തിരിച്ചടവ് ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.
സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസം നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 24-02-2023ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(5)-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 06-03-2023ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 106സ്പിൽഓവർ പ്രോജക്ടുകളും 263 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 369 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ259976940/- രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 7-12-2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 7-02-2022 |
| ഗ്രാമസഭ | 7-01-2022 മുതൽ 14-1-22 |
| ഊരുകൂട്ടയോഗം | 7-1-22 |
| ഭിന്നശേഷി ഗ്രാമസഭ | 10-4-22 |
| വികസനസെമിനാർ | 04-06-2022 |
| പദ്ധതി അന്തിമമാക്കൽ- ജനറൽ കമ്മറ്റി അംഗീകാരം | 24-02-2023 |

**പദ്ധതിനിർവ്വഹണം**

അംഗീകാരം ലഭിച്ച 369 പ്രോജക്ടുകളിൽ 248 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 98415009/- രൂപയാണ്.

**നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ**

പദ്ധതി നിർവ്വഹണചുമതല 13 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത്/ നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10/10 | 2555004 | 1738970 | 68 |
| 2 | വെറ്ററിനറി സർജൻ | 9/10 | 7238005 | 3737695 | 51.6 |
| 3 | മെഡിക്കൽ ഓഫീസർ (FHC) | 1/4 | 1568000 | 815343 | 51.9 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1/1 | 200000 | 200000 | 100 |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1/1 | 900000 | 900000 | 100 |

| | | | | | |
|---|---|---|---|---|---|
| 6 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1/2 | 514000 | 106750 | 20.8 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15/17 | 141643275 | 32349325 | 22 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9/10 | 13028325 | 10381384 | 79.7 |
| 9 | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 31/64 | 21990057 | 11004191 | 50 |
| 10 | അസിസ്റ്റന്റ് എൻജിനീയർ | 152/226 | 60197768 | 30497445 | 50.6 |
| 11 | ഹെഡ്മാസ്റ്റർ | 0/2 | 135800 | 0 | 0 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1/1 | 1100000 | 955000 | 86.8 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 17/21 | 8906706 | 5728906 | 64.3 |
| | ആകെ | 248/369 | 259976940 | 98415009 | 37.85 |

വാർഷികപദ്ധതി വിലയിരുത്തൽ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർക്ക് 22% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വൻതുകകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് , ലോൺ ,സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ചെലവഴിച്ചിരുന്നില്ല. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി തയ്യാറാക്കിയ 64 പ്രൊജക്ടുകളിൽ 31 എണ്ണം മാത്രമേ തൻവർഷം നടപ്പാക്കിയുള്ളൂ. അസി.എഞ്ചിനീയർ നിർവ്വഹണോദ്യാഗസ്ഥനായി ഷോപ്പിങ്ങ് കോംപ്ലക്സ് പൂർത്തീകരണത്തിനായി മൂന്ന് പ്രൊജക്ടുകൾ പ്രകാരം 55ലക്ഷത്തിലധികം രൂപ വകയിരുത്തിയിരുന്നുവെങ്കിലും കോടതിവ്യവഹാരത്തെ തുടർന്ന് നടപ്പാക്കാൻ സാധിച്ചിരുന്നില്ല. മേൽപറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി.

**സഞ്ചിതനിധിയിലേയ്ക്ക് 1.22 കോടിയിലധികം രൂപ തിരികെ എടുക്കപ്പെട്ടു**

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഫണ്ടിനം** | **ലാപ്സായ തുക** |
|---|---|
| വികസന ഫണ്ട്-ജനറൽ | 227746/- |
| വികസന ഫണ്ട്-SCP | 3138138/- |
| വികസന ഫണ്ട്- TSP | 618025/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 4068103/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 4234299/- |
| ആകെ | 1,22,86,311/- |

**മോണിറ്ററിംഗ്**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

**1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| | | |
|---|---|---|
| മുന്നിരിപ്പ് | | 10664 |

| | | |
|---|---|---|
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 54646213 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 1195613 |
| ആകെ | | 55852490 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 43247865 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1714153 |
| | സാധന വില,വാടക,ബാങ്ക് ചാർജ്ജ് | 9684195 |
| | ഭരണ ചെലവുകൾ | 541340 |
| ആകെ ചെലവ് | | 55187553 |
| | നീക്കിയിരിപ്പ് | 664937 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 48383400 | 4857 |
| കർഷകതൊഴിലാളി പെൻഷൻ | 1961600 | 148 |
| വിധവാപെൻഷൻ | 15726000 | 1579 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 784000 | 63 |
| വികലാംഗപെൻഷൻ | 5694600 | 451 |
| തൊഴിൽ രഹിത വേതനം | 4200 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.11.2022 തീയതി 3.20 പി. എം. ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1,19,149/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിൽ പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. പദ്ധതിയിതര ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. തനത് വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കിയിട്ടില്ല. നികുതി നികുതിയേതര വരുമാനങ്ങൾ ഈടാക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല. വാടക വരുമാനത്തിന് മാത്രമാണ് കൃത്യമായി ഡി സി ബി തയ്യാറാക്കിയിട്ടുള്ളത്. വാടകയിനത്തിൽ 2021-22 സാമ്പത്തിക വർഷം വരെ കുടിശ്ശികയുണ്ടായിരുന്ന 18,56,046/- രൂപയിൽ 17,16,546/- രൂപ 2022-23 വർഷം ഈടാക്കുവാൻ കഴിഞ്ഞു. വസ്തുനികുതി ഇനത്തിൽ വലിയ തുക കുടിശ്ശിക നിലനില്ക്കുന്നതിൽ നിന്ന് തനത് വരുമാനം വർധിപ്പിക്കുന്നതിനും ഡിമാന്റിലുള്ളവ പോലും ഈടാക്കാനും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിൽ കൃത്യമായ നടപടി ഉണ്ടാവുന്നില്ലയെന്നാണ് സൂചിപ്പിക്കുന്നത്. ബസ് സ്റ്റാന്റ് ഫീസ് പിരിവ് പഞ്ചായത്തുമായി ഔദ്യോഗിക കരാറോ, ധാരണയോ ഉണ്ടാക്കാത്ത വ്യക്തിയെയാണ് ഏല്പിച്ചിരിക്കുന്നത്. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും കൃത്യമായി

പാലിച്ചിട്ടില്ല.പ്രൊക്യുവർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിൽ ഓഡിറ്റ് വർഷത്തെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.വിവിധ ഓഫീസ് സെക്ഷനുകളിൽ ഫയൽ സൂക്ഷിപ്പിൽ ഉദ്യോഗസ്ഥർ തികഞ്ഞ അലംഭാവം കാട്ടിയതായി കാണുന്നു. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലി വിഭജിച്ച് നൽകിയിരുന്നുവെങ്കിലും ആയത് കൃത്യമായി ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിൽ ജാഗ്രത പാലിച്ചിട്ടില്ല. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷികപദ്ധതി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ സർക്കാർ ഗ്രാന്റ് ലാപ്സാകുന്നതിനും കാരണമായി. വാർഷിക പദ്ധതി പ്രോജക്ടുകൾ മോണിട്ടർ ചെയ്യുകയുണ്ടായില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും അപ്രകാരം ഉണ്ടായില്ല.കോവിഡ്,പ്രളയം എന്നിവ ഗ്രാമപഞ്ചായത്തിന് വലിയ പ്രതിസന്ധി ഉണ്ടാക്കിയത് പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥരും തമ്മിൽ കൃത്യമായ ഏകോപനത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ നിലനില്ക്കുന്ന കുറവുകൾ പരിഹരിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

ധാരാളം സിവിൽ കേസുകൾ നിലനിൽക്കുന്ന പഞ്ചായത്തിൽ സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കേസുകളുടെ പൂർണ്ണമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

AIMS ൽ സമർപ്പിച്ച വാർഷിക കണക്ക് – R &P ഷെഡ്യൂളിലെ അപാകത

AIMS ൽ സമർപ്പിച്ച വാർഷിക കണക്കിലെ R & P ഷെഡ്യൂൾ 1-4-23 മുതൽ 31-03-23 വരെയുള്ളതാണ്. ഓഡിറ്റ് വേളയിൽ ശരിയായ കാലയളവിലെ ഷെഡ്യൂൾ ചേർത്ത വാർഷിക കണക്കുകൾ ലഭ്യമാക്കി. വാർഷിക കണക്കുകൾ AIMS ൽ സമർപ്പിക്കുമ്പോൾ കൃത്യത ഉറപ്പാക്കാൻ അക്കൗണ്ടന്റും സെക്രട്ടറിയും ശ്രദ്ധിക്കേണ്ടതാണ്.

വൗച്ചറുകളുടെ സൂക്ഷിപ്പ്

പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത റിക്കവറികൾ പിന്നീട് ട്രഷറി വഴി വിവിധ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കുമ്പോൾ വൗച്ചറുകളോടൊപ്പം സൂക്ഷിക്കുന്ന ചെലാൻ ട്രഷറി ഓഫീസറുടെ ഒപ്പ് രേഖപ്പെടുത്താത്തവയാണ്. ട്രഷറി ഓഫീസറുടെ ഒപ്പ് രേഖപ്പെടുത്തിയ ചെലാന്റെ പകർപ്പ് തന്നെ അനുബന്ധ രേഖയായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വിവിധ സഹകരണ ബാങ്കുകൾ / ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ജീവനക്കാരുടെ റിക്കവറി അടവാക്കുമ്പോൾ ബന്ധപ്പെട്ട ബാങ്കുകളുടെ കൈപ്പറ്റ് രസീതു കൂടി ലഭ്യമാക്കി വൗച്ചറിനൊപ്പം സൂക്ഷിക്കേണ്ടതാണ്.

പെൻഷൻ കോൺട്രിബ്യൂഷൻ – ശ്രീ ജിത്തു വി , ഓഫീസ് അറ്റൻഡന്റ് ന്റെ പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം 01/22 മുതൽ 04/22 വരെയുള്ളത് NPS ഫണ്ടിൽ വരവ് ആയി ഉൾപ്പെടുത്തിയിട്ടില്ലെന്ന് കാണുന്നു. NPS വിഹിതം അടവാക്കുന്ന എല്ലാ ജീവനക്കാരുടേയും NPS വിഹിതം വരവ് വയ്ക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും വരവിൽ ചേർക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.2022 | 11/21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.08.2023 | 2018-19 മുതൽ 2022-23 വരെ | Audit-I/AMG-I/(HQ)II/8A-30 /2023-24/213 തീയതി: 13.10.2023 |

## 1-11 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികുതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67397260163 എന്ന എസ്.ബി.ഐ. അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം തുക അക്കൗണ്ടിൽ ക്രഡിറ്റാകുന്നതിന് കാലതാമസം നേരിടുന്നതായി പരിശോധനയിൽ കാണുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം

31/03/2023 വരെ രസീത് ചെയ്തതിൽ 2,08,693/- രൂപ (Cheque Deposited But Not Cleared) ലഭിക്കുവാനുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12 ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റാകാതെ അവശേഷിക്കുന്നു**

ബാങ്ക് അക്കൗണ്ടുകളുടെ 2023 സെപ്റ്റംബർ മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മൂന്ന് മാസത്തിലേറെയായിട്ടും ബാങ്കിൽ ക്രെഡിറ്റ് ആകാത്ത ചെക്കുകൾ താഴെപ്പറയും പ്രകാരം നിലനിൽക്കുന്നതായി കാണുന്നു.

| ബാങ്ക് അക്കൗണ്ട് | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| തനത് ഫണ്ട്<br>കേരള ബാങ്ക്, മുണ്ടക്കയം ബ്രാഞ്ച് (050201201000003) | 743695 | 25.02.2022 | 20,630/- |
| | 337933 | 31-03-2022 | 2,966/- |
| | 950319 | 10-03-2022 | 22,338/- |
| | 000293 | 09-03-2022 | 6,060/- |
| | 093325 | 28-02-2023 | 5,000/- |
| | 543150 | 08-03-2023 | 5,000/- |
| | 411881 | 31-05-2022 | 1,95,282/- |
| തനത് ഫണ്ട്<br>എസ് ബി ഐ, മുണ്ടക്കയം ബ്രാഞ്ച് (67386338952) | 170562 | 05.05.2023 | 4,844/- |
| | ആകെ തുക | | 2,62,120/- |

കേരള പഞ്ചായത്തീരാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 22 പ്രകാരം ഏതെങ്കിലും ചെക്ക് ബാങ്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ ചെക്ക് നൽകിയ ആളെ ചെക്ക് മടങ്ങിയ വിവരം അറിയിച്ച് ബാങ്ക് ചാർജ്ജ് അടക്കമുള്ള തുക ഈടാക്കേണ്ടതും, രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതും മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (05/09.11.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടേണ്ട ഇത്രയധികം തുകകൾ യഥാസമയം അതാത് അക്കൗണ്ടിൽ വരവ് വയ്ക്കപ്പെടാത്തത് ഇത് സംബന്ധിച്ച നിരീക്ഷണ സംവിധാനത്തിന്റെ അപര്യാപ്തത വെളിവാക്കുന്നു. മേൽ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**1-13 ലൈഫ് മിഷൻ ലോൺ അക്കൗണ്ടിൽ വലിയ തുക നിർത്തിയിരിക്കുന്നു-സർക്കാരിന് അധിക പലിശ ബാധ്യത**

ലൈഫ് മിഷൻ ലോൺ തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ RP-40b പ്രകാരം (യൂണിയൻ ബാങ്ക്, മുണ്ടക്കയം ശാഖ അക്കൗണ്ട് നം. 337102010009962) 31/03/2023 ലെ നീക്കിയിരിപ്പ് 36,28,446/- രൂപയാണ്. എന്നാൽ ബി 5 (Secured Loan) ഷെഡ്യൂളിലെ തുകയും B-16 (Pre - Paid Expenses) ഷെഡ്യൂളിലെ തുകയും തമ്മിലുള്ള വ്യത്യാസം 36,38,446/- രൂപയാണ്. ടി തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ബാങ്ക് അക്കൗണ്ടിലുള്ള ബാലൻസ് തുകയും തമ്മിൽ 10,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ലോൺ രജിസ്റ്റർ, ബാങ്ക് പാസ്സ്ബുക്ക്, റീകൺസിലിയേഷൻ പത്രിക എന്നിവ പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ്, വരവ് തുകകളുടെ കൃത്യത പരിശോധിക്കുവാനായില്ല. ഇപ്രകാരം ലോൺ തുക പിൻവലിച്ച്, ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഇതുമൂലം സർക്കാരിന് പലിശ ഇനത്തിൽ നഷ്ടം ഉണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് എൻക്വയറി (നം.08/09.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലോൺ അക്കൗണ്ടിൽ വലിയ തുക ബാലൻസ് വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-14 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതിൽ വീഴ്ച**

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം 66.92 ലക്ഷം രൂപയുടെ നിക്ഷേപങ്ങൾ പഞ്ചായത്തിന് ബാധ്യതയായി അവശേഷിക്കുന്നുണ്ട്. ആയതിൽ 41.40 ലക്ഷം രൂപ വാടക നിക്ഷേപം ഇനത്തിലുള്ളതാണ്. ബാക്കി തുകയായ 25.52 ലക്ഷം രൂപയുടെ നിക്ഷേപങ്ങൾ നിരത ദ്രവ്യം, ഇലക്ഷൻ ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ് മുതലായ ഇനങ്ങളിലുള്ളതാണ്. ടി ഇനങ്ങളിലുള്ള കാലഹരണപ്പെട്ട

തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നവയാണ്. നിക്ഷേപങ്ങൾ റീഫണ്ട് ചെയ്യാത്തത് ക്യാരി ഓവർ ചെയ്ത് തൻവർഷത്തെ മുന്നിരിപ്പ് വിശദാംശത്തിൽ നിക്ഷേപ തുകയുടെ ഉദ്ദേശ്യം, പ്രോജക്ട് പൂർത്തീകരണ തീയതി തുടങ്ങിയവ രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പ്രോജക്ട് പൂർത്തീകരണത്തിനു ശേഷം മൂന്നു വർഷത്തിലധികരിച്ച നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതിരുന്നതിനാലാണ് 25 ലക്ഷത്തിലധികം രൂപ നിക്ഷേപമിനത്തിൽ പഞ്ചായത്തിന് ബാധ്യതയായത്. നിക്ഷേപങ്ങൾ പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (09/09.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. വിവിധയിനങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ചതും തിരികെ നൽകിയതുമായ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ പ്രത്യേകമായി രേഖപ്പെടുത്തുകയും വർഷാവസാനത്തിലുള്ള ഓരോ ഇനത്തിന്റെയും സംക്ഷിപ്തം, നീക്കിയിരിപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുകയും വേണം . കൂടാതെ ഓരോ വർഷവും തിരികെ നൽകുന്ന ഡെപ്പോസിറ്റുകളുടെ വൗച്ചർ നമ്പർ, ചെക്ക് നമ്പർ, തീയതി എന്നിവയും രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. വാടക ഡെപ്പോസിറ്റുകൾ പോലുള്ളവയൊഴികെ നിയമപരമായി കാലഹരണപ്പെട്ടതായി കണക്കാക്കാവുന്ന മുഴുവൻ ഡെപ്പോസിറ്റ് തുകകളും കമ്മിറ്റി തീരുമാനപ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.


**1-15 ഒക്യുപൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃത നിർമ്മാണം,വസ്തുനികുതി നിർണ്ണയിച്ചില്ല**

മുണ്ടക്കയം വില്ലേജിൽ ബ്ലോക്ക് നമ്പർ 6 ൽ റീ സർവേ നമ്പർ 155/2,3,9 ലുള്ള 5.79 ആർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 790.86 ച.മീ. വിസ്തീർണമുള്ള 3 നില വാണിജ്യ കെട്ടിടം പണിയുന്നതിനായി സ്ഥല ഉടമകളായ ശ്രീ. ശിവകുമാർ പള്ളിക്കുന്നേൽ, ശ്രീ. ചെല്ലപ്പൻ ചെട്ടിയാർ പള്ളിക്കുന്നേൽ, ശ്രീമതി കവിത സുന്ദരമ്മ വാല്യപറമ്പിൽ എന്നിവർക്ക് 24.12.2020 ൽ A2-6783/20 നമ്പറായി കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. മേൽ കെട്ടിടത്തിന്റെ രണ്ട് നിലയുടെ നിർമ്മാണം പൂർത്തിയായപ്പോൾ നമ്പറിങ്ങിനായി ഉടമകൾ അപേക്ഷ സമർപ്പിക്കുകയും (ഫയൽ നമ്പർ : എസ്.സി 2-251/20.04.2022) കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി 30.05.2022 തീയതിയിൽ മേൽ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ച് 3/983 A, 3/983 B എന്നീ കെട്ടിടനമ്പറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പെർമിറ്റിനായി സമർപ്പിച്ച പ്ലാൻ, കംപ്ലീഷൻ പ്ലാൻ എന്നിവ പരിശോധിച്ചതിന്റെയും കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. ഒക്യുപൻസി അനുവദിച്ച ശേഷവും കെട്ടിടത്തിൽ നിർമ്മാണം നടത്തി - വസ്തുനികുതി, ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല**

നിലവിൽ രണ്ട് നില കെട്ടിടത്തിനാണ് ഒക്കുപ്പൻസി അനുവദിച്ചിട്ടുള്ളത് എന്നാൽ ഭൗതിക പരിശോധന നടത്തിയപ്പോൾ കെട്ടിടത്തിന് തറ നിരപ്പ് നില ഉൾപ്പടെ 3 നിലകൾ ഉള്ളതായി കണ്ടു. മുകൾ നില അലുമിനിയം ട്രാഫർഡ് ഷീറ്റ് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതും ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നന്ദിലത്ത് ജി - മാർട്ട് എന്ന സ്ഥാപനത്തിന്റെ ഗോഡൗൺ ആയി ഉപയോഗിക്കുന്നതുമാണ്. അപേക്ഷകൻ നമ്പറിങ്ങിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ രണ്ട് നിലകൾ ആണ് ഉണ്ടായിരുന്നത് . കെട്ടിട നമ്പർ അനുവദിച്ച ശേഷമാണ് രണ്ടാം നില നിർമ്മിച്ചിട്ടുള്ളത്. ആയത് ടെറസ് ഭാഗം മുഴുവനായി കവർ ചെയ്തിട്ടുള്ളതിനാൽ ഏകദേശം ഫസ്റ്റ് ഫ്ലോറിന്റെ അത്രയും വിസ്തീർണ്ണം (267.61 M2) ഉള്ളതായി കാണുന്നു. ടി ഭാഗത്തിന് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019, ചട്ടം 74(6) പ്രകാരം മൂന്നു നിലകൾ വരെയുള്ളതും 10മീറ്ററിൽ കൂടുതൽ ഉയരമില്ലാത്തതുമായ ഏകകുടുംബ വാസഗൃഹങ്ങൾ ഒഴികെയുള്ള മറ്റെല്ലാ ഒക്യുപ്പൻസിയ്ക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ ടെറസ്സിലുള്ള അധിക ഷീറ്റ്/ഓട് മേൽക്കൂര നിർമ്മാണം മറ്റൊരു നിലയായി പരിഗണിക്കേണ്ടതും ഈ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നിർബന്ധിത ആവശ്യകതകളും കണക്കാക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 21 ൽ അനുശാസിച്ചിട്ടുള്ളത് പ്രകാരം കാര്യക്ഷമമായ “Post Occupancy Audit” നടത്തി ഇത്തരം നിർമ്മാണ വ്യതിചലനങ്ങൾ യഥാസമയം കണ്ടെത്താൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.





മേൽ കെട്ടിട ഭാഗത്തിന് 100 ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം (50 രൂ./ച.മീ.) എന്ന ഉപയോഗക്രമത്തിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. രണ്ടാം നിലയ്ക്ക് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് 224.56 ച.മീ. ബിൽറ്റപ്പ് ഏരിയയ്ക്കാണ്. പെർമിറ്റിലധികരിച്ച് നിർമ്മിച്ച 43.05 ച.മീ. കെട്ടിട ഭാഗത്തിന് ക്രമവൽക്കരണ ഫീസും ഈടാക്കേണ്ടതുണ്ട്.

രണ്ടാം നിലയുടെ വിസ്തീർണ്ണം = 267.61 M2

ഈടാക്കേണ്ട വസ്തു നികുതി = 267.61 X 50

= 13380.50/-


ക്രമവൽക്കരിക്കേണ്ട അധിക നിർമ്മിതിയുടെ വിസ്തീർണ്ണം = 43.05 M2

ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് = 43.05 X 20

= 861/-

**2. നിയമപ്രകാരം ആവശ്യമായ പാർക്കിങ് സൗകര്യമില്ല**

കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം ഏകദേശം 789.86 M2 ആണ് .കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 29 പട്ടിക 10(6) പ്രകാരം എഫ്. ഗണം (വ്യാപാരം/വാണിജ്യം) ഒക്യുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾക്ക് ഓരോ 90 ച.മീ. ഫ്ലോർ ഏരിയയ്ക്കും അതിന്റെ ഭാഗത്തിനും ഒന്നു വീതം കാർ പാർക്കിംഗ് സൗകര്യം ആവശ്യമാണ്. അപ്രകാരം കണക്കാക്കുമ്പോൾ 789.86 ച.മീ. ഫ്ലോർ ഏരിയയുള്ള വാണിജ്യ കെട്ടിട ഭാഗത്തിന് 9 കാറുകൾക്കുള്ള (789.86 / 90 = 8.77 ) പാർക്കിംഗ് സൗകര്യം ആവശ്യമാണ്. അതായത് 135 ച.മീ. ഏരിയായെങ്കിലും (9 X 15 = 135) കാർ പാർക്കിങ്ങിനായി നീക്കി വയ്ക്കേണ്ടതുണ്ട്. പാർക്കിംഗ് പ്ലാനിൽ 6 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം മാത്രമാണ് കാണിച്ചിട്ടുള്ളത്. ഇത് പ്രകാരം കെട്ടിടത്തിന് മുൻവശത്ത് പാർക്കിങ്ങിനായി പ്രത്യേകം ഒഴിച്ചിട്ടിട്ടുള്ള തുറസ്സായ സ്ഥലവും നിയമാനുസൃതം ഒഴിച്ചിടേണ്ട 3 മീറ്റർ സെറ്റ് ബാക്കിന്റെ പകുതി ഭാഗവും കൂടി ചേർത്താണ് കാറുകൾക്കുള്ള പാർക്കിങ് സ്പേസ് കാണിച്ചിരിക്കുന്നത്. കാർ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലത്തിന്റെ നാലിലൊന്ന് ഏരിയ എങ്കിലും ഇരുചക്ര വാഹന പാർക്കിങ്ങിനായി മാറ്റിവയ്ക്കേണ്ടതുണ്ട്. അതിൻപ്രകാരം മേൽ കെട്ടിടത്തിന് ഇരുചക്ര വാഹന പാർക്കിങ്ങിനായി 34 ച.മീ. ഏരിയ (135 X 25/100) നീക്കി വയ്ക്കേണ്ടതാണ്. എന്നാൽ കംപ്ലീഷൻ പ്ലാനിൽ ആയത് 23 ച.മീ. മാത്രമാണ്.






**3. കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനത്തിന് 10 % വർദ്ധനവ് കണക്കാക്കിയില്ല**

ഭൗതിക പരിശോധന നടത്തിയപ്പോൾ കെട്ടിടത്തിന്റെ തറനിരപ്പ് നിലയും ഒന്നാം നിലയും പ്രവർത്തിക്കുന്നത് സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനത്തോടെയാണ് എന്ന കാണുന്നു. സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം കേന്ദ്രീകൃത എയർകണ്ടീഷൻ സംവിധാനത്തിന് 10% നികുതി വർദ്ധനവ് ഉൾപ്പടെ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ 2022-23 ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ചപ്പോൾ പ്രസ്തുത വർദ്ധനവ് കണക്കാക്കാതിരുന്നതിനാൽ 2611/- രൂപ നികുതി നഷ്ടം സംഭവിച്ചു. വിശദാംശം താഴെ ചേർക്കുന്നു.

തറനിരപ്പ് നിലയുടെ വിസ്തീർണ്ണം = 254.64 M2

ഫസ്റ്റ് ഫ്ലോറിന്റെ വിസ്തീർണ്ണം = 267.61 M2

ആകെ വിസ്തീർണ്ണം = 522.25 M2

അടിസ്ഥാന വസ്തു നികുതി = 522.25 X 50

= 26,112.50/-

എയർകണ്ടീഷൻ സംവിധാനം വർദ്ധനവ് (10%) = 26,112.50 X 10/100

= 2611.25/-

**4. ഭിന്നശേഷിക്കാർക്കുള്ള റാമ്പ് സ്ഥാപിച്ചിട്ടില്ല**

നമ്പറിങ്ങിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറനിരപ്പ് നിലയിൽ ഇടത് ഭാഗത്തായി ഭിന്നശേഷിക്കാർക്കായുള്ള റാമ്പ് കാണിച്ചിരുന്നു. എന്നാൽ ഭൗതിക പരിശോധനയിൽ റാമ്പ് ഭാഗം അടച്ചുകെട്ടി കടമുറിയോട് ചേർത്തിട്ടുള്ളതായാണ് കണ്ടത്. ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാർ, കുട്ടികൾ എന്നിവർക്ക് സൗകര്യപ്രദമായി പ്രവേശിക്കുന്നതിന് ചട്ടം 42(2) പ്രകാരം കെട്ടിടത്തിന്റെ മെയിൻ എൻട്രൻസിലേക്ക് നിർമ്മിക്കേണ്ട റാമ്പ് ഇല്ലാതെയാണ് കെട്ടിടത്തിന് ഒക്കുപ്പൻസി അനുവദിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 35/14.11.2023) മറുപടി ലഭ്യമാക്കിയില്ല. അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് രാജ് നിയമവും കെട്ടിടനിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-16 സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം പെർമിറ്റ്, വസ്തുനികുതി നിർണ്ണയത്തിനായി പരിഗണിക്കുന്നില്ല**

മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ പെർമിറ്റ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ വാണിജ്യകെട്ടിടങ്ങളുടെ സ്റ്റെയർ റൂമുകളുടെ വിസ്തീർണ്ണം കെട്ടിട നിർമ്മാണ പെർമിറ്റിനായും വസ്തുനികുതി നിർണ്ണയത്തിനായും പരിഗണിക്കുന്നില്ല എന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. മുണ്ടക്കയം വില്ലേജ്, ബ്ലോക്ക് നമ്പർ 05, റീ സർവേ നമ്പർ 361/7 ലുള്ള 405 ച.മീ. ഭൂമിയിൽ വാണിജ്യ - പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം (ബിൽറ്റപ്പ് ഏരിയ - 164.87 ച.മീ.) നിർമ്മിക്കുന്നതിനായി ശ്രീ. അബ്ദുൽ ഷാദ്, നെടുംപുറത്ത്, കുട്ടിക്കൽ എന്നയാൾക്ക് 16.04.2022 ൽ A2-BA(125395)/2022 നമ്പറായി പെർമിറ്റ് അനുവദിക്കുകയും മേൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 12.12.2022 തീയതിയിൽ 1/134B എന്ന നമ്പർ അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കി സമർപ്പിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് സ്റ്റെയർ റൂം ഉള്ളതായി കാണുന്നു. എന്നാൽ ആയതിന്റെ വിസ്തീർണ്ണം പെർമിറ്റിനായും വസ്തുനികുതി നിർണ്ണയത്തിനായും പരിഗണിച്ചിട്ടില്ല. സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം രേഖപ്പെടുത്താതെയാണ് നമ്പറിങ്ങിനായി കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളത്. പെർമിറ്റിൽ അധികരിച്ചുള്ള നിർമ്മാണം ചട്ടപ്രകാരമുള്ള ക്രമവൽക്കരണ ഫീസ് ഈടാക്കി റെഗുലറൈസ് ചെയ്തു നൽകിയതായി കാണുന്നില്ല . കൂടാതെ വസ്തുനികുതി നിർണയത്തിനായി സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം പരിഗണിച്ചിട്ടുമില്ല.

2. മുണ്ടക്കയം വില്ലേജ്, ബ്ലോക്ക് നമ്പർ 05/TP-5758, റീ സർവേ നമ്പർ 69/1-1 ലുള്ള 405 ച.മീ. ഭൂമിയിൽ 184 ച.മീ. ബിൽറ്റപ്പ് ഏരിയ ഉള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീമതി ഏലിയാമ്മ മംഗലത്തിൽ, മുണ്ടക്കയം പി ഒ എന്നയാൾക്ക് A2-BA(125395)/2022 നമ്പറായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിഭാഗം ഓവർസീയറെ പരിശോധനയ്ക്കായി ചുമതലപ്പെടുത്തുകയും ടിയാളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തറ വിസ്തീർണ്ണം 178 ച.മീ. ആയി കണക്കാക്കി നികുതി നിശ്ചയിക്കുകയും ചെയ്തു. ഓവർസീയറുടെ റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല. നിർമ്മാണം പൂർത്തിയാക്കി നമ്പറിങ്ങിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് സ്റ്റെയർ റൂം ഉള്ളതായി കാണുന്നു. ടി ഭാഗത്തിന്റെ വിസ്തീർണ്ണം പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം പെർമിറ്റിനായും വസ്തുനികുതി നിർണ്ണയത്തിനായും പരിഗണിച്ചിട്ടില്ല. കംപ്ലീഷൻ പ്ലാനിൽ ചേർത്തിട്ടുള്ള ഫ്രണ്ട് എലിവേഷൻ സ്കെച്ച് പരിശോധിച്ചപ്പോൾ സ്റ്റെയർ റൂമിന്റെ വിസ്തൃതി തറനിരപ്പ് നിലയുടെ ടെറസ് ഏരിയയുടെ പകുതിയോളം ഭാഗം ഉൾക്കൊള്ളുന്നതായാണ് കാണുന്നത്. പെർമിറ്റിൽ അധികരിച്ചുള്ള നിർമ്മാണം ചട്ടപ്രകാരമുള്ള ക്രമവൽക്കരണ ഫീസ് ഈടാക്കി റെഗുലറൈസ് ചെയ്ത് നൽകേണ്ടതായിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. കൂടാതെ വസ്തുനികുതി നിർണയത്തിനായി സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം പരിഗണിച്ചിട്ടുമില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം ഒരു പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. സ്റ്റെയർ റൂമിന്റെ തറ വിസ്തീർണ്ണം പെർമിറ്റ്, വസ്തുനികുതി എന്നിവയ്ക്കായി

പരിഗണിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/10.11.2023) മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കേണ്ടതും വസ്തുനികുതി നിർണ്ണയത്തിൽ സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം കൂടി ഉൾപ്പെടുത്തേണ്ടതുമാണ്.

**1-17 വസ്തുനികുതി നിർണ്ണയം - തറനിർമ്മിതി കണക്കിലെടുത്തില്ല**

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6(3) പ്രകാരം തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അസ്സസ്സെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തെ വിഭജിച്ച് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചതുമൂലം തറനിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല.

| ക്രമനം. | കെട്ടിട നമ്പർ | ഉടമ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച.മീ) | തറനിർമ്മിതിയുടെ തരം |
|---|---|---|---|---|---|
| 1 | 1/172 A-E | മോഹൻ മാത്യു | പാർപ്പിടാവശ്യം | 364 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് , മറ്റ് വിലയേറിയ വസ്തുക്കൾ |

ടി കെട്ടിടത്തിന്റെ ഫോം -6 പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ തറ ഭാഗം മേൽത്തരം വസ്തുക്കൾ കൊണ്ടുള്ള നിർമ്മിതിയാണെന്ന് കാണുന്നു. വസ്തുനികുതി ചട്ട പ്രകാരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് , മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവ കൊണ്ട് നിർമ്മിച്ചിട്ടുള്ള തറയുടെ ആകെ വിസ്തീർണ്ണം 250 ച.മീ -ന് മുകളിലായാൽ അത്രയും ഭാഗത്തിന് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമാക്കേണ്ടതാണ്.

കെട്ടിടത്തിന്റെ നിലവിലുള്ള അടിസ്ഥാന വസ്തു നികുതി = 364 X 6 = 2184/-

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വരുത്തേണ്ടിയിരുന്ന വർദ്ധനവ് (15 %) = 2184 X 15/100 = 327.6/-

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ 327.6/- രൂപയുടെ വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ മേൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ നിയമപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (26/13.11.2023) മറുപടി ലഭ്യമായില്ല. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. 15% നികുതി വർദ്ധന ഉൾപ്പെടെ നികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതാണ്.

**1-18 ഒരേ കെട്ടിടത്തിന്റെ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം**

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്സെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. ൽ കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ/വിസ്തീർണ്ണം | വില്ലേജ്/സർവ്വേ നം. | നിർണ്ണയിക്കേണ്ട വസ്തു നികുതി (50 രൂപ/ ച.മി) | നിർണ്ണയിച്ച | കുറവ് (സെസ്, |
|---|---|---|---|---|---|

| | (ച.മീ) | | അടിസ്ഥാന വസ്തു നികുതി | വർദ്ധനവ് (വഴി സൗകര്യം-20%) | കുറവ് (കുറഞ്ഞ തരം മേൽ ക്കൂര-10%) | ആകെ | വസ്തു നികുതി | സർവ്വീസ് ചാർജ്ജ് ഉൾപ്പെട്ട ത്താതെ) |
|---|---|---|---|---|---|---|---|---|
| ബിന്ദ വർഗീസ് കോഴികൊത്തി യിൽ | 3/1008 A-C,E,G 173.56 ച.മീ | മുണ്ടക്കയം , 160/1/2/1 | 8678/- | 1735.6/- | - | 10414/- | 8752/- | 1662/- |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/13.11.2023) മറുപടി ലഭ്യമാക്കിയില്ല. പരാമർശിത കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-19 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ .

| ഉടമയുടെ പേര് | വില്ലേജ്/സർവേനം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | മേഖല |
|---|---|---|---|---|
| വികാർ, സെന്റ് മേരീസ് ചർച്ച് വേലനിലം | മുണ്ടക്കയം 365/3-2 | 1/321 A | 193.73 | ദ്വിതീയം |
| | | 1/324 | 200 | പ്രഥമം |
| ജോൺസൺ വി ഐസക് | മുണ്ടക്കയം 151/3-9 | 3/913 A | 22.5 | തൃതീയം |
| | | 3/913 B | 22.5 | പ്രഥമം |

മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/13.11.2023) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികളുടെ വിവരമറിയിക്കേണ്ടതാണ്. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ പരിപാലിക്കുന്ന സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടയ്ക്കുന്നതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മഡോണ ഫിനാൻസ് | 1,2 |
| 2 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | 2 |
| 3 | ബജാജ് ഫിൻസെർവ് | 2 |
| 4 | ശ്രീ ഗോകുലം ചിറ്റ്സ് | 1,2 |

| | | |
|---|---|---|
| 5 | വടക്കേമുറിയിൽ ഫിനാൻസ് | 1,2 |
| 6 | അമല ഫൈനാൻസിയേഴ്സ് | 1,2 |
| 7 | ജനറൽ ഫിനാൻസ് | 1,2 |
| 8 | ആഞ്ഞിലിമൂട്ടിൽ ഫിനാൻസിയെർസ് | 1,2 |
| 9 | ഇൻഡൽ മണി പ്രൈവറ്റ് ലിമിറ്റഡ് | 1,2 |
| 10 | എൻ സി എസ് ഫിനാൻസ് | 1,2 |
| 11 | മുണ്ടക്കയം അഗ്രികൾച്ചറൽ ഇമ്പ്രൂവ്മെൻറ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1,2 |
| 12 | ജോസ്ന ഗോൾഡ് ലോൺ | 1,2 |
| 13 | സഹ്യാദ്രി കോപ്പറേറ്റീവ് സൊസൈറ്റി | 2 |
| 14 | മണപ്പുറം ഫിനാൻസ് | 2 |
| 15 | മുണ്ടക്കയം പട്ടികജാതി സഹ. സംഘം | 1,2 |
| 16 | കാനറാ ബാങ്ക് | 2 |
| 17 | കൊശമറ്റം ഫിനാൻസ് | 1,2 |
| 18 | മുത്തൂറ്റ് മെർക്കന്റൈൽ | 1,2 |
| 19 | മാക്സ് വാല്യൂ | 1,2 |
| 20 | ചെമ്മണ്ണൂർ ഗോൾഡ് ലോൺ | 1,2 |
| 21 | നാബ് ഫിനാൻസ് | 1,2 |
| 22 | ധന്വന്തരി അക്ഷയ ബാങ്കേഴ്സ് | 1,2 |
| 23 | ശ്രീറാം ട്രാൻസ്പോർട് ഫിനാൻസ് | 2 |
| 24 | ഇമ്മാനുവൽ ഫിനാൻസ് | 1,2 |
| 25 | മേധാസ് ഗോൾഡ് ലോൺ | 1,2 |
| 26 | മുളമൂട്ടിൽ ഫിനാൻസ് | 2 |
| 27 | കന്നിമല സഹകരണ ബാങ്ക്, പുഞ്ചവയൽ ബ്രാഞ്ച് | 1 |
| 28 | വനിതാ ഗ്രാമീണ സഹകരണ സംഘം,പുഞ്ചവയൽ | 1,2 |
| 29 | കാഞ്ഞിരപ്പള്ളി സഹകരണ അഗ്രികൾച്ചർ ഡെവലപ്മെന്റ് ബാങ്ക് | 1,2 |
| 30 | എയ്ഡഡ് സഹകരണ സംഘം | 1,2 |
| 31 | മുണ്ടക്കയം സഹകരണ ബാങ്ക് പ്രഭാത, സായാഹ്ന ശാഖ | 1 |
| 32 | ഹെഡ്ജ് ഫിനാൻസ് | 1 |

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപന തൊഴിൽ നികുതി കുടിശികയില്ല. തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളെ ഒഴിവാക്കി നികുതി 100% പിരിച്ചെടുത്തതായാണ് ധനകാര്യപത്രികയിലെ ഡിമാന്റ് നൽകിയിരിക്കുന്നത്. പഞ്ചായത്തിന്റെ ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് 2022-23 ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിന്റെ നികുതി വരുമാനം സംബന്ധിച്ച കൃത്യമായ കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരിക്കുകയും നികുതി തുക ഡിമാന്റിൽ നിന്ന് ഒഴിവാക്കുകയും ചെയ്ത നടപടിക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15/10.11.2023) മറുപടിയായി മേൽ സ്ഥാപങ്ങൾക്ക് നോട്ടീസ് നൽകി സ്ഥാപന തൊഴിൽനികുതി ഈടാക്കി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഡിസിബി പത്രിക തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-21 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല**

2022-23 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ

നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം | 2022-23 നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | റിലയൻസ് ജിയോ | 2 |
| 2 | റിലയൻസ് ക്രെഡിറ്റ് | 1,2 |
| 3 | ITDP പ്രോജക്ട് ഓഫീസ് | 2 |
| 4 | റബർ ബോർഡ് റീജിയണൽ ഓഫീസ് | 1,2 |
| 5 | അസി.എൻജിനീയർ, പി ഡബ്ലിയു ഡി | 2 |
| 6 | മുണ്ടക്കയം സഹകരണ ബാങ്ക് പ്രഭാത, സായാഹ്ന ശാഖ | 1 |
| 7 | ഗ്ലെൻ മാർക്ക് മുണ്ടക്കയം | 1,2 |
| 8 | കല്യാൺ ജ്വവലേഴ്സ് | 2 |
| 9 | കേരള ഗ്രാമീണ ബാങ്ക് | 2 |
| 10 | കെ എസ് ഇ ബി , 110 KV സബ്സ്റ്റേഷൻ | 1,2 |
| 11 | ബാങ്ക് ഓഫ് ബറോഡ | 2 |
| 12 | ഇഞ്ചിയാനി ക്ഷീരോൽപാദക സഹകരണ സംഘം | 1,2 |
| 13 | പുലിക്കുന്ന് ക്ഷീരോൽപാദക സഹകരണ സംഘം | 1,2 |
| 14 | മുണ്ടക്കയം ക്ഷീരോൽപാദക സഹകരണ സംഘം | 1,2 |
| 15 | എസ് ബി ഐ, മുണ്ടക്കയം | 2 |
| 16 | കോപ്പറേറ്റീവ് സ്റ്റോർ | 1 |
| 17 | ഹാരിസൺ മലയാളം ലിമിറ്റഡ് | 2 |
| 18 | നന്ദിലത്ത് ജി-മാർട്ട് | 1 |
| 19 | എസ് ബി ഐ, പുഞ്ചവയൽ ബ്രാഞ്ച് | 1 |
| 20 | മുത്തൂറ്റ് മെർക്കന്റൈൽ | 1,2 |
| 21 | കെ എൽ എം AXIVA | 1,2 |
| 22 | അസ്റ്റോറിയ നിധി | 2 |
| 23 | സൂസൻസ് ഐ ക്ലിനിക്ക് | 2 |
| 24 | മധുര മൈക്രോഫിനാൻസ് | 2 |
| 25 | കാഞ്ഞിരപ്പള്ളി P L A R D ബാങ്ക് | 2 |
| 26 | കേരള ബാങ്ക് , മുണ്ടക്കയം ബ്രാഞ്ച് | 1 |
| 27 | മുത്തൂറ്റ് ഫിൻകോർപ്പ് | 1,2 |
| 28 | എയ്ഡഡ് സ്കൂൾ എംപ്ളോയീസ് സഹ.സംഘം | 1,2 |
| 29 | കാനറാ ബാങ്ക് | 2 |
| 30 | റിലയൻസ് റീട്ടെയിൽ | 2 |
| 31 | റിലയൻസ് എസ്സ് എം എൽ | 2 |
| 32 | കൊശമറ്റം ഫിനാൻസ് | 2 |
| 33 | ഹോട്ടൽ അർമാണി | 1 |
| 34 | കേരള ബാങ്ക്, സായാഹ്ന ശാഖ | 1,2 |

| | | |
|---|---|---|
| 35 | മുണ്ടക്കയം പട്ടികജാതി സഹ.സംഘം | 1,2 |

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. തനത് നികുതി വരുമാനത്തിലുണ്ടായ കുറവിന് രേഖാമൂലം വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/10.11.2023) മറുപടിയായി മേൽ സ്ഥാപങ്ങൾക്ക് നോട്ടീസ് നൽകി ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ് .

**1-22 സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ആകെ 90 സ്ഥാപനങ്ങളിൽ നിന്നുമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടുള്ളത്. അവയിൽ ഭൂരിഭാഗവും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 820 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് . അവയിൽ ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇത്തരത്തിൽ ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടാവുന്നുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ കുറച്ച് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. പഞ്ചായത്ത് പരിധിയിലുള്ള അതിഥി മന്ദിരങ്ങൾ/ലോഡ്ജുകൾ, കെട്ടിട നിർമ്മാണ പ്ലാൻ ഏജൻസികൾ, സർവീസ് സ്റ്റേഷനുകൾ, ജൂവലറികൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയ ധാരാളം സ്ഥാപനങ്ങൾ 2022-23 തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേരുവിവരവും വിശദാംശവും താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ഫെസ്റ്റോൺ കേബിൾ നെറ്റ്‌വർക്ക് |
| 2. | അക്ബർ ട്രാവൽസ് |
| 3. | നെബ്ബൂസ് സർവീസ് സ്റ്റേഷൻ |
| 4. | ബോഷ് കാർ സർവീസ് |
| 5. | ജിയോ മാർട്ട് |
| 6. | മൈക്കിൾസ് ഹോളോ ബ്രിക്ക്സ് |
| 7. | ജ്യോതി ജൂവലറി |
| 8. | അറ്റ്ലസ് ഗോൾഡ് |
| 9. | സോഡിയാക് ഹെറിറ്റേജ് |
| 10. | സെന്റ് ജൂഡ് ഹോളോബ്രിക്ക്സ് |
| 11. | ശ്രീ നാരായണ പബ്ലിക്ക് സ്കൂൾ |
| 12. | ഇടിമണ്ണിക്കൽ ജൂവലറി |
| 13. | കോനാട്ട് ഹൈപ്പർ മാർക്കറ്റ് |
| 14. | റിലയൻസ് ട്രെൻഡ്സ് |
| 15. | കാഞ്ഞിരപ്പള്ളി റബ്ബേഴ്സ് |
| 16. | തേനംമാക്കൽ ഗോൾഡ് |
| 17. | വി പി എസ് ആർ ഫർണിച്ചർ |
| 18. | ജോസ്ന ഗോൾഡ് ലോൺ |
| 19. | നാബ് ഫിനാൻസ് |

| 20. | ചെമ്മണ്ണൂർ ഗോൾഡ് ലോൺ |
|---|---|

2022-23 വർഷം സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നത് പഞ്ചായത്തിന്റെ നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളിലെ തൊഴിൽ നികുതിയിനത്തിലും തനത് വരുമാനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. തൊഴിൽ നികുതി ഡിമാന്റിലെ മേൽപറഞ്ഞ അപാകതയും നികുതി വരുമാന ചോർച്ചയും ഇടയാക്കിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/2022-23/10.11.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ 21 വാർഡുകളിലും ഫീൽഡ് പരിശോധനയിലൂടെയും വസ്തുനികുതി ഡേറ്റാബേസിന്റെ സഹായത്തോടെയും പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപന തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. മേൽപറഞ്ഞ സ്ഥാപനങ്ങളുടെ ടെണോവർ അടിസ്ഥാനത്തിൽ 2022-23 വർഷത്തെ തൊഴിൽ നികുതി നിലവിൽ കുടിശിക ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-23 ടെറസ് സംരക്ഷണം അധിക റൂഫിംഗ്-പെർമിറ്റ് ഫീസ് ഈടാക്കിയില്ല**

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 74 ഉപചട്ടം 1 പ്രകാരം ഉയരം 10 മീറ്ററിൽ കൂടാത്തതും 3 നില വരെയുള്ളതുമായ താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അധികമായി ഷീറ്റ്/ ഓട് ഉപയോഗിച്ച് ടെറസിന് മുകളിൽ റൂഫിംഗ് നടത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പെർമിറ്റ് എടുക്കേണ്ടതുണ്ട്. ഇവ ബിൽറ്റ് അപ് ഏരിയ ആയി പരിഗണിക്കുന്നില്ല എങ്കിലും ഉപചട്ടം 2 പ്രകാരം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്. 2022-23 വർഷം പെർമിറ്റ് നല്കിയ ചുവടെ ചേർത്തിട്ടുള്ള ഇരുനില കെട്ടിടത്തിന്റെ (ആകെ വിസ്തീർണ്ണം-251.56 ച.മീ) പ്ലാൻ പ്രകാരം ടെറസിന് മുകളിൽ അധികമായി റൂഫിംഗ് നല്കിയിട്ടുണ്ട്. ടി റൂഫിങ്ങിന്റെ പകുതിയോളം ഭാഗത്തിന് നാലര മീറ്ററിൽ കൂടുതൽ ഉയരമുള്ളതായാണ് കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| ഫയൽ നം./പേര് | ടെറസ് റൂഫിംഗ് ഏരിയ (ഏകദേശം) | ഈടാക്കേണ്ടിയിരുന്ന ഫീസ് @ 7/ച.മീ |
|---|---|---|
| A2-945-2023/10.02.2023<br>ശ്രീ. അഷ്കർ പി എ | 149.07 ച.മീ | 1043/- |

പെർമിറ്റ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/10.11.2023) മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-24 വാടക - മുൻവർഷ കുടിശിക ഈടാക്കിയില്ല**

പഞ്ചായത്തിലെ IV-ാം നമ്പർ ഷോപ്പിംഗ് കോംപ്ലക്സിലെ 14-ാം നമ്പർ കടമുറിയുടെ 2019-20 മുതൽ 2021-22 വരെയുള്ള വാടക കുടിശിക ഇനത്തിൽ പലിശ സഹിതം 2,76,641/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി വാടക സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ടി കടമുറി വാടകയ്ക്ക് എടുത്തിരുന്ന ശ്രീമതി ഐശ്വര്യ സതീഷ്, കല്ലുതൊട്ടിയിൽ എന്ന വ്യക്തിയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്. കടമുറി 2021 ഡിസംബറിൽ വാടക കുടിശ്ശിക അടവാക്കാതെ ഒഴിവായി പോയിട്ടുള്ളതാണ്. കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | വാടക | ജി എസ് ടി | ആകെ |
|---|---|---|---|
| 2019-20 | 74400 | 13392 | 87792/- |
| 2020-21 | 65100 | 11720 | 76820/- |
| 2021-22 | 27334 | 4920 | 32254/- |
| പലിശ | | | 79765/- |
| ആകെ തുക | | | 276641/- |

ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ വാടക കുടിശിക ഈടാക്കുന്നതിനായി പഞ്ചായത്തിൽ നിന്നും റെവന്യൂ റിക്കവറി ഡിമാൻഡ് നോട്ടീസ് (ഫയൽ നം. JC3/76/22 തീ: 06.05.2022) നൽകിയിട്ടുണ്ട്. വില്ലേജ് ഓഫീസ് മുഖാന്തിരം റിക്കവറി നോട്ടീസ് അയച്ചിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല. എന്നാൽ പഞ്ചായത്ത് രാജ് നിയമം/ചട്ടങ്ങൾ അനുശാസിച്ചിട്ടുള്ള തുടർ നിയമ നടപടികൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 01/07.11.2023) നൽകിയെങ്കിലും

മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക ഈടാക്കുന്നതിനായി കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ കുടിശിക തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-25 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു**

1996ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസും 1997ലെ കേരള പഞ്ചായത്ത് രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡീറ്റയിൽസ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പ്രകാരം2022-23 വർഷത്തിൽ ആകെ 4 പാരാമെഡിക്കൽ സ്ഥാപനങ്ങൾ മാത്രമാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല .

| ക്രമ നം. | സ്ഥാപനം | ഉടമ |
|---|---|---|
| 1 | പൾമൊ മെഡിക്കൽ സെന്റർ | ഡോ. ബിബിൻ ജോസ് |
| 2 | ഹൈഡൻറ് മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | - |
| 3 | ഡി ഡി ആർ സി ക്ലിനിക്ക് | - |
| 4 | ന്യൂ വിഷൻ ഐ ഹോസ്പിറ്റൽ | - |
| 5 | ലൈഫ് കെയർ ഡയഗ്നോസ്റ്റിക് | സുബിൻ ജേക്കബ് |
| 6 | നീതി ഡയഗ്നോസ്റ്റിക്ക് സെന്റർ | മാനേജിങ് ഡയറക്ടർ, എം ആർ എം & പി സി എസ് |
| 7 | വയലിൽ ഡെന്റൽ ക്ലിനിക്ക് | ഡോ. മാത്യു ജോസഫ് |
| 8 | മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | ഫാ. സോജി തോമസ് |
| 9 | ആര്യ ഡിസ്പെൻസറി പുഞ്ചവയൽ | ഡോ. കെ എൻ ഗോപിനാഥൻ |
| 10 | ഡെന്റാകെയർ ഡെന്റൽ സ്പെഷ്യാലിറ്റി സെന്റർ | ഡോ. അനുഷ |
| 11 | സി വി എം ഡെന്റൽ ക്ലിനിക്ക് | ഡോ. ഷെറി എം ജോസഫ് |
| 12 | ഡീപ് ക്ലിനിക്കൽ ലാബ് | - |
| 13 | ടോട്ടൽ ഡയഗ്നോസ്റ്റിക്ക് | ഡോ. ഷിഹാബുദീൻ വി കെ |
| 14 | സെന്റ് ജോർജ് ലബോറട്ടറി | വിനീത് തോമസ് |
| 15 | പ്രൊവിഡൻസ് ഡെന്റൽ സെന്റർ | ഡോ. സന്ദീപ് കിരൺ |
| 16 | തോമസ് ഡെന്റൽ കെയർ | ഡോ.തോമസ് സെബാസ്ററ്യൻ |
| 17 | റോസ് ലബോറട്ടറി | - |
| 18 | എച്ച് ആർ ഡി ലാബ് | - |
| 19 | എ ജി എം ലാബ് | - |

പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ2022-23വർഷം പാരാമെഡിക്കൽ രെജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ

ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് (നം. 18/10.11.2023) മറുപടിയായി 2022-23 വർഷം 8 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളതാണെന്നും ILGMS മുഖേന ഫയൽ പ്രോസസ് ചെയ്യതിനാൽ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ആയത് യഥാസമയം രേഖപ്പെടുത്തിയില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8 - പ്രകാരം 5000 രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-26 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് (രജിസ്ട്രേഷൻ ഓഫ് ട്യൂട്ടോറിയൽ ഇൻസ്റ്റിറ്റ്യൂഷൻസ് ചട്ടങ്ങൾ) 1999- പ്രകാരം രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കേണ്ടതാണ്. ട്യൂട്ടോറിയൽ എന്ന നിർവ്വചനത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്നും 24.11.2017-ലെ 213/ആർ.ഡി.3/17/തസ്വഭവ നമ്പർ സർക്കുലറിലും നിർദ്ദേശിച്ചുണ്ട്. ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി കാണുന്നില്ല. .

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ജി - ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ |
| 2 | ബ്രൈറ്റ് എഡ്യൂക്കേഷൻ |
| 3 | ബി എസ് എം കോളേജ് |
| 4 | എയിംസ് സ്കൂൾ ഓഫ് മാത്സ് |
| 5 | വിക്ടറി ട്യൂഷൻ സെന്റർ |
| 6 | ഇർഷാദിയ അക്കാദമി |
| 7 | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബാങ്കിങ് കരിയർ |
| 8 | സ്പെൻസ് മൾട്ടിമീഡിയ കംപ്യൂട്ടർ എഡ്യൂക്കേഷൻ |
| 9 | സ്മാർട്ട്, പി എസ് സി കോച്ചിങ് സെന്റർ |
| 10 | UNIQUE, ലാംഗ്വേജ് സ്കിൽസ് ട്രെയിനിങ് സെന്റർ |
| 11 | സ്കോളേഴ്സ് അക്കാദമി |
| 12 | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബാങ്കിങ് കരിയർ |
| 13 | ഇൻഫോടെക്ക് കമ്പ്യൂട്ടർ അക്കാദമി |
| 14 | ഐ എ എസ് അക്കാദമി, പി എസ് സി കോച്ചിങ് |

മേൽ സ്ഥാപനങ്ങൾ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 17/10.11.2023) മറുപടിയായി മേൽ സ്ഥാപനങ്ങൾക്ക് രേഖാമൂലം അറിയിപ്പ് നൽകി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചു . കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 30.09.2015- ലെ സി.ആർ.എം.പി.നമ്പർ 3526/13/LA2/2015/KeSCPCR ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ട്യൂട്ടോറിയൽ എന്ന നിർവ്വചനത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്നും 24.11.2017-ലെ 213/ആർ.ഡി.3/17/തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 267-ം വകുപ്പ് പ്രകാരം, രജിസ്റ്റർ ചെയ്യാതെ ഒരു ട്യൂട്ടോറിയൽ സ്ഥാപനം സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിൻ മേൽ 1000/- രൂപ വരെ പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സെക്രട്ടറിയും ഭരണ സമിതിയും സ്വീകരിക്കേണ്ടതാണ് .

**1-27 സ്ഥിരനിക്ഷേപങ്ങൾ - കണക്കുകളിൽ അവ്യക്തത**

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള സ്ഥിരനിക്ഷേപ കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,05,42,832/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ) | 7,53,187/- |
| തനത് ഫണ്ടിലേക്ക് ലഭിച്ച തുക | 1,27,046/- |
| ആകെ | 4,14,23,065/- |
| തനത് ഫണ്ടിലേക്ക് ലഭിച്ച പലിശ തുക | 1,27,046/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1,93,81,474/- |
| പിൻവലിച്ച ആകെ തുക (പലിശ ഉൾപ്പടെ ) | 1,95,08,520/- |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,19,14,545/- |

പഞ്ചായത്തിന് വിവിധ ബാങ്കുകളിലായി നിലവിൽ 9 സ്ഥിരനിക്ഷേപങ്ങളാണുള്ളത്. എന്നാൽ സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരം 5 സ്ഥിരനിക്ഷേപങ്ങൾ മാത്രമാണുള്ളത്. സ്ഥിര നിക്ഷേപങ്ങളുടെ ബാങ്ക് സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതുപ്രകാരമുള്ള 2022-23 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| FD നമ്പർ/ബാങ്ക് | ഒറിജിനൽ നിക്ഷേപം/തീ. | 01.4.22 ലെ ബാലൻസ് | 22-23 വർഷം കാലാവധി പൂർത്തിയാക്കിയ തീ. | കാലയളവ്/പലിശ നിരക്ക് | തൻവർഷ പലിശ | തൻവർഷം പിൻവലിച്ചത് | 31.03.23 ലെ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 7758 ഇഞ്ചിയാനി സഹ.ബാങ്ക് | 500000/- 29.07.2013 | 976475 | 29.07.22 | 1 വർഷം 6.75 | 65,912/- | - | 10,42,387 |
| 7424 ഇഞ്ചിയാനി സഹ.ബാങ്ക് | 10,00,000/- 12.10.12 | 2083500 | 12.10.22 | 1 വർഷം 6.75 | 1,40,636/- | - | 22,24,136/- |
| 40544202000037 കെ ജി ബി, മുണ്ടക്കയം | 30,00,000/- 13.04.2020 | 3156080 | 13.04.22 | 1 വർഷം 5.45 | 1,72,006/- | - | 33,28,086/- |
| 67177241448 എസ് ബി ഐ പുഞ്ചവയൽ | 20,27,686/- 16.03.2023 | - | - | 1 വർഷം 6.80 | - | - | 20.27,686/- |
| 67218449011 എസ് ബി ഐ പുഞ്ചവയൽ | 46,78,348/- 28.03.2023 | - | - | 1 വർഷം 5.45 | - | - | 46,78,348/- |
| 67197018324 എസ് ബി ഐ പുഞ്ചവയൽ | 28,34,600/- 27.09.2022 | - | - | 1 വർഷം 5.1 | - | - | 28,34,600/- |
| 67213885938 എസ് ബി ഐ പുഞ്ചവയൽ | 17,80,286/- 02.03.2022 | 17,80,286/- | 02.03.23 | 1 വർഷം 6.45 | 92,546/- | - | 18,72,832/- |
| 720425 കേരള ബാങ്ക്, മുണ്ടക്കയം | 20,00,000/- 30.03.2014 | 20,00,000/- | 22.04.22 | 1 വർഷം 6.45 | 1,25,000/- | 125000/- | 20,00,000/- |
| 33710303000/253 യൂണിയൻ ബാങ്ക്,മുണ്ടക്കയം | 10,00,000/- 2.3.2013 | 19,23,886/- | 02.03.23 | 1 വർഷം 6.3 | 98,013/- | - | 20,21,899/- |
| ആകെ തുക | | | | | | | 2,20,29,974/- |

വാർഷിക ധനകാര്യ പത്രിക, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ബാങ്ക് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഭൗതികപരിശോധനയ്ക്ക് ലഭ്യമാക്കിയ സ്ഥിരനിക്ഷേപങ്ങളുടെ ബാങ്ക് സർട്ടിഫിക്കറ്റ്/സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് 2,20,29,974 /- രൂപയുടെ നിക്ഷേപമുണ്ട് . എന്നാൽ നിക്ഷേപ രജിസ്റ്റർ പ്രകാരം പഞ്ചായത്തിന് 1,33,15,113/- രൂപയുടെ നിക്ഷേപം മാത്രമാണുള്ളത്.

2. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B12 പ്രകാരം 31.03.2023 ലെ സ്ഥിരനിക്ഷേപ കണക്കിൽ നീക്കിയിരിപ്പ് തുക 2,19,14,545/- രൂപയാണ്. എന്നാൽ ബാങ്ക് സർട്ടിഫിക്കറ്റ്/സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് 2,20,29,974 /- രൂപയുടെ നിക്ഷേപമുണ്ട്. സ്ഥിരനിക്ഷേപ തുകയുടെ കണക്കിൽ വാർഷിക ധനകാര്യ പത്രിക പ്രകാരവും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പ്രകാരവും 1,15,429/- രൂപയുടെ വ്യത്യാസമുണ്ട്.

3. 31/3/23 ലെ വൗച്ചർ നമ്പർ 42201569 പ്രകാരം പലിശ വരവ് ഇനത്തിൽ 7,53,187/- രൂപ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ തൻവർഷ പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പലിശ ഇനത്തിലുള്ള വരവ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല .

4. ബാങ്ക് സർട്ടിഫിക്കറ്റ് പ്രകാരം കേരള ബാങ്ക്, മുണ്ടക്കയം ശാഖയിലെ സ്ഥിരനിക്ഷേപമായ 20,00,000/- രൂപയുടെ പലിശയായ 125000/- രൂപ പിൻവലിച്ചതായി കാണുന്നു. എന്നാൽ വാർഷിക കണക്കുകളിൽ ആയത് 1,27,046/-രൂപ എന്നാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

5. 1.93 കോടിയിലധികം തുക സ്ഥിരനിക്ഷേപത്തിൽ നിന്നും പിൻവലിക്കുന്നതിന് പഞ്ചായത്ത് ധനകാര്യസ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ അനുമതി ലഭ്യമായിരുന്നില്ല. തൻവർഷം ഇത്രയധികം തുക സ്ഥിരനിക്ഷേപത്തിൽ നിന്ന് പിൻവലിച്ച് എസ് ബി അക്കൗണ്ടിലേയ്ക്ക് മാറ്റാൻ ഇടയായ സാഹചര്യം വ്യക്തമല്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യം വിശകലനം ചെയ്തതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.27/13.11.2023) മറുപടി ലഭ്യമായില്ല. സ്ഥിരനിക്ഷേപകണക്കുകൾ കൈകാര്യം ചെയ്യുന്നതിലെ അലംഭാവവും അപാകതകളും അതീവ ഗുരുതരമായതും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുന്നതുമാണ്. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതും നിക്ഷേപ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

### 1-28 ആംബുലൻസ് ലഭ്യമായശേഷവും പാലിയേറ്റീവ് പദ്ധതിയ്ക്കായി വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു- ഒഴിവാക്കാനാവുമായിരുന്ന പാഴ്ച്ചെലവ്

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ(സ്പിൽ ഓവർ) ഉൾപ്പെടുത്തി 23.05.22 തീയതിയിൽ ഗ്രാമ പഞ്ചായത്തിന് കൈമാറിയ ആംബുലൻസ് (രജി. നമ്പർ കെ.എൽ 34 H 2400) നിലനിൽക്കേ 2022-23 സാമ്പത്തിക വർഷം പൂർണ്ണമായി പാലിയേറ്റീവ് ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 354/23 നമ്പർ പാലിയേറ്റീവ് കെയർ പദ്ധതി പ്രോജക്ടിൽ ഉൾപ്പെടുത്തി വാഹന വാടക ഇനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | വൗച്ചർ നമ്പർ/ ഉത്തരവ് നമ്പര്/ ചെക്ക് നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 03/22 | ചെക്ക് നമ്പർ 12751/20.05.22 | 16000/- |
| 2 | 04/22 | ചെക്ക് നമ്പർ 12751/20.05.22 | 14625/- |
| 3 | 05/22 | ചെക്ക് നമ്പർ- 12777/28.6.22 | 11700 |
| 4 | 06/22 | ചെക്ക് നമ്പർ- 12786/12.07.22 | 15600/- |
| 5 | 07/22 | ചെക്ക് നമ്പർ- 5838943/13.9.22 | 15600/- |
| 6 | 08/22 | ചെക്ക് നമ്പർ- 5838946/01.10.22 | 15600/- |
| 7 | 09/22 | ചെക്ക് നമ്പർ- 5838947/04.11.22 | 15600/- |
| 8 | 10/22 | ചെക്ക് നമ്പർ- 5838950/21.12.22 | 15600/- |
| 9 | 11/22 | ചെക്ക് നമ്പർ- 5838950/21.12.22 | 15600/- |
| 10 | 12/22 | Sanction Order No-275/30.01.23 | 15600/- |
| 11 | 01/23 | Sanction Order No-342/17.02.23 | 15600/- |
| 12 | 02/23 | Sanction Order No-379/03.03.23 | 15600/- |

| | | | |
|---|---|---|---|
| 13 | 03/23 | Sanction Order No-275/30.01.23 | 15600/- |

ആംബുലൻസ് പഞ്ചായത്തിന് കൈമാറിക്കിട്ടിയത് 23.05.22 തീയതിയിൽ ആയതിനാൽ 06/22 വരെയുള്ള ചെലവുകൾ അംഗീകരിക്കാവുന്നതാണ്. 07/22 മുതൽ 03/23 വരെ വാഹനം വാടകയ്ക്കെടുത്ത നടപടി അംഗീകരിക്കാവുന്നതല്ല. ഈ ഇനത്തിൽ ആകെ 140400/രൂപ ചെലവഴിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർക്കുള്ള കത്ത് നം എ3- 9978/21 തീയതി 29.03.23 പ്രകാരം 2023 ഏപ്രിൽ ഒന്നാം തീയതി മുതൽ വാഹനം പാലിയേറ്റീവ് കെയർ പദ്ധതിക്കായി ഏറ്റെടുക്കണം എന്ന് സെക്രട്ടറി അറിയിച്ചിരുന്നു. പത്ത് ലക്ഷത്തിൽ അധികം രൂപ ചെലവഴിച്ച് വാഹനം വാങ്ങിയതിന് ശേഷവും വാടകയ്ക്ക് വാഹനം എടുക്കുക വഴി സർക്കാർ ഫണ്ടിനും പഞ്ചായത്ത് ഫണ്ടിനും നഷ്ടം വരുത്തിയ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/13.11.23 ന് മറുപടി ലഭ്യമാക്കിയില്ല. ജില്ലാ പഞ്ചായത്തിൽ നിന്നും ആംബുലൻസ് കൈപ്പറ്റിയ സെക്രട്ടറി ഡ്രൈവറെ നിയമിക്കുന്നത് സംബന്ധിച്ച് ഭരണസമിതി യോഗത്തിൽ അജണ്ട ഉൾപ്പെടുത്തിയതായോ പ്രസ്തുത വിഷയം ചർച്ച ചെയ്തതിന്റെ വിശദാംശങ്ങൾ കമ്മറ്റി തീരുമാനങ്ങളിൽ ഉള്ളതായോ കാണുന്നില്ല. വാഹനം കൈപ്പറ്റി പഞ്ചായത്തിൽ സൂക്ഷിച്ചതിന് ശേഷം വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചത് അംഗീകരിക്കാവുന്നതല്ല. ആംബുലൻസ് പഞ്ചായത്തിന് കൈമാറിക്കിട്ടിയതിന് ശേഷം സ്വാഭാവിക രീതിയിൽ ഡ്രൈവറെ നിയമിക്കുന്നതിന് എടുക്കാവുന്ന കാലപരിധിക്ക് ശേഷം വാഹനം വാടകയ്ക്ക് ഉപയോഗിച്ചതിന് ചെലവഴിച്ച 140400/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണവും രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇപ്രകാരം ചെലവഴിച്ച തുക ഇക്കാലയളവിലെ സെക്രട്ടറിയുടേയും ഭരണസമിതി അംഗങ്ങളുടേയും ബാദ്ധ്യതയായി കണക്കാക്കി നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

**1-29 തിലകൻ സ്മാരക സാംസ്കാരിക നിലയം നിർമ്മാണം പ്രാരംഭ ചെലവിന് ശേഷം - തുടർ പ്രവർത്തനങ്ങൾ അറിയിക്കേണ്ടതാണ്-ഏറ്റെടുത്തതിന്റെ വിവരം ലഭ്യമല്ല.**

തിലകൻ സ്മാരക സാംസ്കാരിക നിലയം പണിയുന്നതിന് പ്ലാൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനായി ചുവടെ ചേർക്കും പ്രകാരം പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 150 /23 |
| പ്രോജക്ടിന്റെ പേര് | സാംസ്കാരിക നിലയം പ്ളാൻതയ്യാറാക്കലും അനുബന്ധപ്രവർത്തനങ്ങളും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെക്ക് നം./തുക | തനത് ഫണ്ട്-300000<br>5305149/06.08.2022 |

പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാനായി വിവേക് ചാണ്ടി അലക്സാണ്ടർ എന്ന ആർക്കിടെക്ടുമായി കരാറിലേർപ്പെടുകയും പ്ളാൻ തയ്യാറാക്കിയതിന് 3ലക്ഷം രൂപ ടിയാൾക്ക് നല്കുകയും ചെയ്തു. സാംസ്കാരിക നിലയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ച തുടർ പ്രവർത്തനങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-30 തെരുവുവിളക്ക് പരിപാലനം-സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.**

| | | |
|---|---|---|
| പ്രോജക്ട് നം | 270 /23 | 408/23 |
| പ്രോജക്ടിന്റെ പേര് | തെരുവുവിളക്ക് പരിപാലനം-അടാട്ട് മോഡൽ | ശബരിമല പാത സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| ബിൽ നം./തുക | 458/16.3.23-389056<br>557/283.3.23-210944 | 336/16.2.23<br>-178428 |

മേൽ 2 പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ബൾബ്,ഹോൾഡർ ,ബൾബ് ഷേഡ് തുടങ്ങിയ ഇലക്ട്രിക്കൽ സാധനങ്ങൾ 778428രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയവ ഓരോ ദിവസവും വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ, നീക്കി ബാക്കി എന്നിവ ചേർത്ത് രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല. ആയതിനാൽ വാങ്ങിയ സാധനങ്ങളിൽ നിലവിൽ എത്ര എണ്ണം അവശേഷിക്കുന്നു എന്നുള്ള വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2.ഇലക്ട്രിക്കൽ സാധനങ്ങൾ സൂക്ഷിക്കുന്ന മുറിയിൽ അഴിച്ചെടുത്ത ഉപയോഗശൂന്യമായ ഹോൾഡർ തുടങ്ങിയ സാധനങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നതായി ഭൗതികപരിശോധനയിൽ കണ്ടു. ആയവ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-31 വിവിധ നിക്ഷേപപ്രവൃത്തികൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല**

ഗ്രാമ പഞ്ചായത്ത് 2022-23 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പ്രൊജക്ടുകൾ പ്രകാരം സർക്കാർ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക, ഫണ്ടിനം ,ബിൽ നം. |
|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 153/23<br>വരിക്കാനി ഇ.എം.എസ് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മിഷൻ അവാർഡ്-651250-135/29.8.22 |
| 2 | കെഎസ്ഇബി, | 148/23<br>മൈക്കോളജി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ | ധനകാര്യ കമ്മിഷൻ അവാർഡ്-21660<br>ബിൽ നം.377/3.3.23 |
| | | 387/23 വിവിധ വാർഡുകളിൽ റോഡിൽ തടസ്സമായി നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | തനത് ഫണ്ട്-176165<br>ബിൽ നം.-237/3.1.23-135367<br>ബിൽ നം.-419/14.3.23-34674<br>ബിൽ നം.-371/28.2.23-6124 |

വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നത് വരെ ആകെ ചെലവഴിച്ച 849075/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-32 പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന്റെ വാടക പ്രോജക്ട് പ്രകാരം നല്കിയത് ക്രമപ്രകാരമല്ല**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 3 മുറികൾ ജനകീയ ഹോട്ടലിനായി നല്കിയിട്ടുണ്ട്. ആയതിന്റെ 22-23 വർഷത്തെ വാടക ജനകീയ ഹോട്ടലിന്റെ സെക്രട്ടറി പഞ്ചായത്തിൽ അടയ്ക്കുകയും പഞ്ചായത്ത് പിന്നീട് വാടകയിനത്തിൽ അടവാക്കിയ ടി തുക പ്രോജക്ട് മുഖേന തിരികെ നല്കുകയും ചെയ്തതായി കാണുന്നു.

| പ്രോജക്ട് നം | 416 /23 | 165/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ജനകീയ ഹോട്ടൽ വാടക നല്കൽ | ജനകീയ ഹോട്ടൽ വാടക , വാട്ടർ ചാർജ്ജ് |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | അസി.സെക്രട്ടറി |
|---|---|---|
| ബിൽ നം./തുക | തനത് ഫണ്ട്-79653<br>53/27.3.23 | വികസന ഫണ്ട് -103981<br>45/31.5.22<br>11838-13/19.8.22 |

വാടക അടയ്ക്കുവാൻ കാലതാമസം നേരിട്ടതിന് പിഴയിനത്തിൽ തുക ഈടാക്കിയിട്ടുണ്ട്. പിഴ ഉൾപ്പെടെയുള്ള തുകയാണ് പ്രോജക്ട് മുഖേന തിരികെ നല്കിയിട്ടുള്ളത്. പ്രോജക്ട് നം.165/23 പ്രകാരം 4260രൂപയും പ്രോജക്ട് നം.105/23 പ്രകാരം 8924/-രൂപയും പിഴയിനത്തിൽ നല്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തിയിലുള്ള കെട്ടിടം കരാറിലേർപ്പെട്ട് വാടകരഹിതമായി ജനകീയ ഹോട്ടലിനു നല്കുന്നതിനുള്ള സാധുത പരിഗണിക്കാതെ പകരം ഇപ്രകാരം പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഇത് അനാവശ്യവും വികസന ഫണ്ടിൽ നിന്നുള്ള ക്രമപ്രകാരമല്ലാത്ത ചെലവിന് ഇടയാക്കുന്നതുമായ നടപടിയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/10.11.2023) പ്രോജക്ട് നം 165/23 പ്രകാരം വികസന ഫണ്ടിൽ നിന്നും പലിശയിനത്തിൽ പിൻവലിച്ച 8924/- രൂപ തനതു ഫണ്ടിൽ നിന്നും തിരികെ സർക്കാരിലേക്ക് അടവാക്കുന്നതാണെന്ന് മറുപടി നല്കി. ജനകീയ ഹോട്ടൽ പ്രസിഡന്റ്/സെക്രട്ടറിയുമായി കൃത്യമായ വ്യവസ്ഥകളോടുകൂടി കരാറിലേർപ്പെട്ട് മുറികൾ വാടകരഹിതമായി നല്കുന്നതിന് ആവശ്യമായ സാധ്യത പരിഗണിക്കേണ്ടതും വികസന ഫണ്ടിൽ നിന്നും വാടകയിനത്തിൽ പ്രോജക്ട് പ്രകാരം പിൻവലിച്ച (103981+11838) രൂപ സർക്കാരിലേക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്. മേൽ സാഹചര്യത്തിൽ വികസനഫണ്ടിൽ നിന്നുള്ള 115819/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 എസ്.സി പഠനമുറി നിർമ്മാണം -നാളിതുവരെ പണി പൂർത്തിയാക്കിയില്ല

| | |
|---|---|
| അടങ്കൽ | 610000 (SCP) |
| ചെലവ് | 90000 (44/31.05.2000-20000, 88/06.07.2022-20000, 139/30.08.2022-50000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ എസ്.സി പഠനമുറി നിർമ്മാണം (നം.160/23) എന്ന സ്പിൽ ഓവർ പ്രോജക്ട് ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 21-22 വർഷം പഠനമുറി നിർമ്മാണത്തിനായി 50000 രൂപ വീതം അഡ്വാൻസ് കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ജെബി നാരായണൻ | 7 | 19.11.21 |
| 2 | ഷിജിമോൻ | 21 | 19.3.22 |
| 3 | ഷൈനി.പി.റ്റി. | 4 | 19.3.22 |
| 4 | അശ്വതി ഹരികുമാർ | 9 | 17.11.21 |

ടി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/13.11.23) ഷിജിമോൻ എന്നയാളുടെ അക്കൗണ്ടിലേക്ക് നല്കിയ തുക ടിയാളുടെ അക്കൗണ്ടിൽ ക്രെഡിറ്റിൽ വന്നിട്ടില്ലാത്തതിനാൽ ടി തുക സർക്കാരിലേക്ക് തിരികെപ്പോയതായി മറുപടി നല്കി. മറ്റ് ഗുണഭോക്താക്കളുടെ പണി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പണി പൂർത്തീകരിക്കാൻ സാധിക്കാത്തപക്ഷം മുൻകൂർ നല്കിയ തുക പലിശസഹിതം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-34 എസ്.ടി -പഠനമുറി നിർമ്മാണം-പരമാവധി സബ്സിഡി തുക അനുവദിക്കുന്നില്ല

സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.22 പ്രകാരം പഠനമുറി നിർമ്മാണത്തിന്റെ ഗുണഭോക്താക്കൾക്ക് 200000/-രൂപ പരമാവധി സബ്സിഡി അനുവദിയ്ക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പട്ടിക വർഗ്ഗ പഠനമുറി നിർമ്മാണ ഗുണഭോക്താക്കൾക്ക് 150000 രൂപ മാത്രമാണ് ധനസഹായം വകയിരുത്തി നൽകിയത്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ച സാഹചര്യത്തിൽ ചെറിയ സബ്സിഡി തുക ഉപയോഗിച്ച് പഠനമുറി നിർമ്മാണം എന്ന

പ്രവൃത്തി എത്രത്തോളം ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം ഒഴിവാക്കി പദ്ധതി ധനസഹായം ഗുണപരമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിയ്ക്കാമെന്ന് നിഷ്കർഷിച്ചിട്ടുള്ള പരമാവധി തുക വകയിരുത്തി ധനസഹായം അനുവദിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

**1-35 അഗതിരഹിതകേരളം പദ്ധതി-വികസനഫണ്ട് വിഹിതം ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു**

അഗതിരഹിതകേരളം പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ 31.3.23 ൽ 28,77,365 രൂപ ബാലൻസ് നിൽക്കുന്നതായി കാണുന്നു. ആയതിൽ 21,81,793/- രൂപ വികസനഫണ്ട് വിഹിതവും 27248.47/- രൂപ ചലഞ്ച് ഫണ്ടും 668323.48/- രൂപ പലിശയുമാണ്. അഗതിരഹിതകേരളം പദ്ധതിയുടെ രണ്ടാം ഘട്ടം പ്രോജക്ട് അവസാനിച്ചതിനാലും മൂന്നാം ഘട്ടത്തിന് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലും നിലവിൽ യാതൊരു പദ്ധതി പ്രവർത്തനങ്ങളും നടക്കുന്നില്ല. 2023 ജൂൺ മാസം വരെ മാത്രമേ ഭക്ഷണം നല്കുവാനായി ചലഞ്ച് ഫണ്ട് അവശേഷിച്ചിരുന്നുള്ളു.നിലവിൽ ഗുണഭോക്താക്കൾക്ക് ഭക്ഷണം നല്കുന്നില്ല. ഏപ്രിൽ 23 മുതൽ ഒക്ടോബർ 23 വരെ ലഭിച്ച പലിശ 59694/- രൂപയുൾപ്പെടെ 31.10.23 ൽ 2937059.60/- രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. പദ്ധതിയ്ക്ക് തുടർ അംഗീകാരം ലഭ്യമാക്കി തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. അല്ലാത്തപക്ഷം വികസന ഫണ്ട് വിഹിതം സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-36 1.22കോടിയിലധികം ചെലവഴിച്ച് ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടം - നിർമ്മാണം പാതിവഴിയിൽ**

മുണ്ടക്കയം ബസ് സ്റ്റാന്റിലുള്ള പഞ്ചായത്ത് വക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 2020-21, 2021-22 വർഷങ്ങളിലെ വിവിധ പ്രോജക്ടുകൾ പ്രകാരം അഞ്ച് നിലകളിലായുള്ള കെട്ടിടം പണിയുന്നതിനായി നാളിതുവരെ ചുവടെ ചേർക്കും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| 2020-21 | 7325053/- |
| 2021-22 | 4935883/- |
| ആകെ ചെലവഴിച്ചത് | 1,22,60,936/- |



ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കാൻ തയ്യാറാക്കിയ പ്ലാൻ പ്രകാരം പഞ്ചായത്ത് ബസ്സ്റ്റാൻഡിനോട് ചേർന്ന് അഞ്ച് നിലകളിലായി കെട്ടിടം നിർമ്മിക്കുവാൻ ആണ് ഉദ്ദേശിച്ചിരുന്നത്. നാല് നിലകളിലായി സ്ട്രക്ച്ചർ നിർമ്മാണം പൂർത്തീകരിക്കുകയും തനത് ഫണ്ടിൽ നിന്നും 1,22,60,936/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. 2022-23 വർഷം പ്രസ്തുത നിർമ്മാണത്തിനായി തനത് ഫണ്ട് വിനിയോഗിച്ച് പ്രൊ.നം 341/23 പ്രകാരം 40,00,000/- രൂപ പ്രൊ.നം425/23 പ്രകാരം 3,00,000/-രൂപ പ്രൊ.നം69/23 പ്രകാരം 12,38,688/- വീതം അടങ്കലായി വിവിധ പ്രൊജക്റ്റുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും തുക ചെലവഴിച്ചിരുന്നില്ല. കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന

വേളയിൽ ടി സ്ഥലത്തിന് അവകാശവാദം ഉന്നയിച്ച് തിരിവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി, കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയെ സമീപിക്കുകയും (OS NO348/22 &IA No 1/2022)23-12-2022 ലെ ഉത്തരവ് പ്രകാരം നിർദ്ദിഷ്ട സ്ഥലത്തെ കെട്ടിട നിർമ്മാണം നിർത്തിവയ്ക്കാൻ കോടതി ഉത്തരവാകുകയും ചെയ്തിരുന്നു.

വില്ലേജ് ഓഫീസറുടെ 3-1-23ലെ കത്ത് പ്രകാരം ടി വസ്തുക്കളുടെ പഴയ സർവ്വേനമ്പർ 225/1 പ്രകാരവും BTRപ്രകാരവും സ്ഥലം പശ്ചിമ ദേവസ്വത്തിന്റെ ഉടമസ്ഥതയിലായിരുന്നുവെന്നും റീസർവ്വേ നമ്പർ 448/9, 448/10, 448/11 എന്നിവ പ്രകാരം സ്ഥലം പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലുള്ളതും തണ്ടപ്പേർ നം 1233പ്രകാരം പഞ്ചായത്ത് കരം അടച്ചുവരുന്ന ഭൂമിയുമാണ് എന്നറിയിച്ചിട്ടുണ്ട്. നിലവിൽ കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നു. തനത് ഫണ്ട് വിനിയോഗിച്ച് 1.22 കോടിയിലധികം തുക ചെലവഴിച്ച് നിർമ്മിച്ച ഷോപ്പിങ്ങ് കോംപ്ലക്സിന്റെ നിർമ്മാണം സ്തംഭനാവസ്ഥയിലായത് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സിനെ കാര്യമായി ബാധിക്കുന്ന സംഗതിയാണ്. ഗ്രാമപഞ്ചായത്തിനനുകൂലമായ രേഖകൾ സർക്കാർ തലത്തിൽ ഹാജരാക്കി ദേവസ്വംബോർഡുമായി സമവായത്തിനുള്ള സാദ്ധ്യതകൾ കൂടി തേടാത്ത പക്ഷം സിവിൽ കേസ് തീർപ്പാക്കാതെ അനന്തമായി നീണ്ടുപോകുന്നതിനിടയാകുന്നതും ഗ്രാമപഞ്ചായത്തിന്റെ ആസ്തി നിഷ്ക്രിയമായി തീരുന്നതുമാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ സജീവശ്രദ്ധക്ഷണിക്കുന്നു.

**1-37 മാലിന്യസംസ്കരണം- എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്- കോടതിയുടെ അനുകൂല ഉത്തരവ് ഉണ്ടായിട്ടും പ്രൊജക്റ്റ് ഉപേക്ഷിച്ചു**

| | |
|---|---|
| പ്രൊ.നം | 68/23 മാലിന്യസംസ്കരണം- എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 4,50,000/-വികസനഫണ്ട്+ 30,00,000/- ജില്ലാപഞ്ചായത്ത് വിഹിതം |
| ചെലവ് | 4,27,091/-(1/17-5-22വികസനഫണ്ട്) |
| കരാറുകാരൻ | ഷാജി ജോസഫ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗ്രാമപഞ്ചായത്ത് മാലിന്യസംസ്കരണത്തിന് 49,71,502/-രൂപ അടങ്കലായി വിവിധയിടങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2017-18 വർഷം പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നു. പഞ്ചായത്ത് ബസ് സ്റ്റാൻഡ്, പഞ്ചായത്ത് മാർക്കറ്റ് (കോസ് വെ), വെട്ടുകല്ലുംകുഴി ഡംബിങ്ങ് യാർഡ് എന്നിവിടങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായിരുന്നു പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നത്. ഇതിൽ പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ സ്ഥാപിക്കുന്ന കമ്പോസ്റ്റ് യൂണിറ്റിനെതിരെ സിഎംഎസ് സ്കൂൾ അധികൃതർ WP(c)30241/2018 നമ്പരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 26-9-2019 ന് കേസിൽ വിധിയാവുകയും ചെയ്തിരുന്നു. കേസിന്റെ വിധിപകർപ്പ് പ്രകാരം കെട്ടിടനിർമ്മാണചട്ടം ഉൾപ്പടെ പാലിച്ച് എല്ലാം നിയമപ്രകാരമുള്ള നിർമ്മാണമാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർ ഒരു ക്ഷമതയുള്ള ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതും ആയതിന് ശേഷം മാത്രം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി കിട്ടിയില്ലായെങ്കിലും നിർമ്മാണം തുടരാവുന്നതാണ് എന്ന് ഉത്തരവായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അസി.എഞ്ചിനീയർക്ക് 26-8-21 ൽ നൽകിയ കത്ത് നം എ3-7193/19 പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും അനുമതി ലഭ്യമാകാത്തതിനാൽ പ്രൊജക്റ്റ് ഉപേക്ഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അസി.എഞ്ചിനീയർ കല്ല് കെട്ട് വരെയുള്ള പ്രവർത്തി പൂർത്തീകരിച്ച കരാറുകാരന് ഫൈനൽ ബിൽ തുകയായി 4,27,091/- രൂപ മാറി നൽകിയിട്ടുണ്ട്.

1. കോടതിയുടെ അനുകൂല ഉത്തരവ് ലഭിച്ചിട്ടും പ്രൊജക്റ്റ് ഉപേക്ഷിക്കാനുണ്ടായ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/8-11-23) മറുപടി ലഭ്യമാക്കിയില്ല.

2. പഞ്ചായത്ത് ഡയറകടർ പരിശോധനയ്ക്കായി ഉദ്യോഗസ്ഥനെ നിയോഗിച്ചിരുന്നോയെന്ന് വ്യക്തമല്ല കോടതി ഉത്തരവിൽ പഞ്ചായത്ത് ഡയറക്ടേറ്റിൽ നിന്നും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമായില്ല.

3. നിശ്ചയിച്ചിരുന്ന മറ്റ് സ്ഥലങ്ങളിൽ കാലവർഷം മൂലം മണ്ണിടിച്ചിൽ ഉണ്ടാവുകയും നിർമ്മാണം നടത്താൻ സാധിക്കാത്ത വിധം തകരുകയും ചെയ്തതിനാൽ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിരുന്നില്ലായെന്ന് അസി.എഞ്ചിനീയർ അറിയിച്ചിരുന്നു.

4 നിർമ്മാണപ്രവർത്തിയുടെ ഭാഗമായി 973.634m3 മണ്ണ് എസ്കവേഷൻ 88.190m3കല്ല് കെട്ട് എന്നിവ നടത്തിയിരുന്നു. കുഴിച്ചെടുത്ത മണ്ണ് വാല്യുവേഷൻ എടുത്ത് ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടുണ്ടോഎന്ന് വ്യക്തമാക്കേണ്ടതാണ്. പ്രൊജക്റ്റ് ഉപേക്ഷിച്ച സാഹചര്യത്തിൽ DR നടത്തിയ കല്ല് വാല്യുവേഷൻ എടുത്ത് ലേലനടപടികൾ സ്വീകരിച്ചിരുന്നോയെന്നും അറിയിക്കുവാൻ നൽകിയ മേൽ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ നൽകിയ മറുപടി പ്രകാരം മണ്ണ് ടി സ്ഥലത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മറ്റ് പ്രവർത്തികൾക്കായി ഉപയോഗിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. 2018വർഷം കുഴിച്ചെടുത്ത മണ്ണ് നാളിതുവരെ യാതൊരു പ്രവൃത്തിക്കും വിനിയോഗിക്കാതെയും ലേലനടപടികൾ സ്വീകരിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതെയുമിരുന്ന നടപടി അംഗീകരിക്കാവുന്നതല്ല. മണ്ണ് ഏത് പ്രവൃത്തിക്ക് ഉപയോഗിക്കുന്നുവെന്നത് എസ്റ്റിമേറ്റ് സഹിതം മറുപടി ലഭ്യമാക്കാത്ത പക്ഷം മണ്ണ്, ഡിആർ ചെയ്ത കല്ലുകൾ എന്നിവ ലേലം നടത്തി മുതൽക്കൂട്ടാത്തതിന്റെ ബാദ്ധ്യത പഞ്ചായത്തിനുണ്ടാവുന്നു.

കോടതിയുടെ അനുകൂല ഉത്തരവ് ലഭിച്ചിട്ടും ഗണ്യമായ തുക ചെലവഴിച്ച പ്രൊജക്റ്റ് നിർത്തിവയ്ക്കാൻ സെക്രട്ടറി കത്ത് നൽകിയ സാഹചര്യം വ്യക്തമല്ല. പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/8-11-23)മറുപടി ലഭ്യമാക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 4,27,091/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി വിഷയത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ/നിഗമനങ്ങൾ പരിഗണിച്ച് വിശദമായ മറുപടി പഞ്ചായത്ത് കമ്മറ്റിയുടെ റിമാർക്സ് സഹിതം ലഭ്യമാക്കേണ്ടതാണ്.

**1-38 ടേക്ക് എ ബ്രേക്ക്- പൂർത്തീകരണം-ജിഎസ് ടി അധികം നൽകി-**

| | |
|---|---|
| പ്രൊ.നം | 81/23 ടേക്ക് എ ബ്രേക്ക്-പൂർത്തീകരണം |
| അടങ്കൽ | 11,20,000/-കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 11,20,000(ചെക്ക് നം5305145/8-6-22) |
| കരാറുകാരൻ | ജിജോ മാത്യു |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മുണ്ടക്കയം ബൈപാസ് റോഡരികിൽ ടേക്ക് എ ബ്രേക്ക് പൂർത്തീകരണത്തിനായി തയ്യാറാക്കിയ പ്രൊജക്റ്റ് പ്രകാരം 11,20,000/-രൂപ ചെലവഴിച്ചിരുന്നു. ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ് ജിജോ മാത്യു എന്നകരാറുകാരൻ ഇലക്ട്രിഫിക്കേഷൻഒഴികെയുള്ള ഇനങ്ങൾക്ക് ക്വാട്ട് ചെയ്ത നിരക്ക് അംഗീകരിക്കുകയും പ്രവൃത്തി ഏറ്റെടുക്കയും കരാർ വയ്ക്കുകയും ചെയ്തിരുന്നു. ആയതിന് ശേഷം എസ്റ്റിമേറ്റ് പുതുക്കിയ വേളയിൽ നാപ്കിൻ ഡിസ്പോസർ, വെന്റിങ്ങ് മെഷീൻ എന്നിവ സ്ഥാപിക്കൽ കൂടി ഉൾപ്പെടുത്തിയിരുന്നു. Blaze Hygeinic Device എന്ന സ്ഥാപനത്തിൽ നിന്നും 18% GSTഉൾപ്പടെയുള്ള ബിൽ തുകയായ 34987/-രൂപ(,ഇൻവോയിസ് നം B-142/22-23 /4-3-22) 17700/- രൂപ (ഇൻവോയിസ് നം B-25/22-23/27-4-22)വീതം ചെലവഴിച്ച് യഥാക്രമം നാപ്കിൻ ഡിസ്പോസർ, വെന്റിങ്ങ് മെഷീൻ എന്നിവ വാങ്ങി സ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരന് ബിൽ തുക നൽകിയ വേളയിൽ നാപ്കിൻ ഡിസ്പോസർ, വെന്റിങ്ങ് മെഷീൻ എന്നിവയ്ക്ക് ഉൾപ്പടെ 12% ജിഎസ് ടി കോമ്പൻസേഷൻ നൽകിയിട്ടുണ്ട്. ഇത് അനുവദിക്കാവുന്നതല്ല. 34987/+ 17700/- =52687x12%= 6322/- രൂപ കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്. കൂടാതെ ഇലക്ട്രിഫിക്കേഷനുള്ള ലംപ്സം തുകയായ 20,000/-രൂപ കരാറുകാരന് അനുവദിച്ചതായി കാണുന്നു. ടി വർക്കിന് എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി ലഭ്യമാക്കൽ, വാല്യുവേഷൻ എടുക്കൽ എന്നീ നടപടിക്രമങ്ങളൊന്നും കൂടാതെ തന്നെ തുക നൽകിയ നടപടിയും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/13-11-23)മറുപടി ലഭ്യമാക്കിയിരുന്നില്ല. ജിഎസ് ടിയിനത്തിൽ അധികമായി നൽകിയ തുക6322/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കാത്തപക്ഷം ബിൽ തയ്യാറാക്കിയ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന ശ്രീ ലിയോ മാത്യു, അസി.എഞ്ചിനീയറുടെ ബാദ്ധ്യതയാകുന്നതാണ്. നടപടിക്രമങ്ങൾ കൂടാതെ ഇലക്ട്രിഫിക്കേഷന് കരാറുകാരന് ലംപ്സം തുക നൽകിയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 20,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വിഷയത്തിൽ ബിൽ തയ്യാറാക്കിയ ശ്രീ ലിയോ മാത്യു, അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.




13-11-2023ന് പ്രസ്തുത ടേക്ക് എ ബ്രേക്ക് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സന്ദർശിച്ചിരുന്നു. ടോയ് ലറ്റിന് ഒപ്പമുള്ള കഫേ ലേലം കൊണ്ട കരാറുകാരൻ ഗ്രാമപഞ്ചായത്ത് അറിയാതെ ചുറ്റുപാട് അനധികൃത നിർമ്മാണം നടത്തി ഹോട്ടലായി പ്രവർത്തിക്കുന്നതായും ടി ഹോട്ടലിന്റെ ഉപഭോക്താക്കൾക്ക് മാത്രം ഉപയോഗിക്കാവുന്ന രീതിയിൽ ടി ടോയ്ലറ്റ് മാറുകയും ചെയ്തു സാഹചര്യമാണ്. 11,20,000/-ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് നിർമ്മിച്ച കെട്ടിടം പൊതുജനങ്ങൾക്ക് ഉപയോഗപ്രദമല്ലാത്ത രീതിയിൽ മാറുന്നത് ആശാസ്യമല്ല. ടി വിഷയത്തിൽ ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതും പ്രോജക്ട് നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കുന്നുവെന്ന് ഉറപ്പാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-39 റോഡ് കണക്ടിവിറ്റി മാപ്പിങ്ങ്- – പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊ.നം | 353/23 റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് |
| അടങ്കൽ | 5,00,000/-തനത് ഫണ്ട് |
| ചെലവ് | 63,000(ചെക്ക് നം2244301/11-4-23 ) |
| കരാറുകാരൻ | അമീർ പി എം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

ആർ ട്രാക്ക് ആപ്ലിക്കേഷൻ ഉപയോഗിച്ച് റോഡ് കണക്ടിവിറ്റി മാപ്പിങ്ങിനും ആസ്തികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് 5,00,000/- രൂപ അടങ്കലായി പ്രൊജക്ട് തയ്യാറാക്കുകയും ടെൻഡർ ക്ഷണിച്ചുകയും അമീർ പിഎം എന്നയാൾക്ക് കരാർ(143/AE/4-4-23) ഉറപ്പിച്ച് നൽകുകയും ചെയ്തു. പ്രസ്തുത കരാർ പ്രകാരം മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാൾക്ക് ചെക്ക് നം 2244301/11-4-23 പ്രകാരം 63000/-രൂപ നൽകിയിരുന്നു. ടി പ്രവൃത്തി പൂർത്തീകരിച്ചിരുന്നോയെന്നത് വിശദീകരിക്കുന്നതിനും പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 22/13-11-23) മറുപടിയായി പ്രവൃത്തി പൂർത്തീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. ആർ ട്രാക്ക് സൈറ്റിലെ പ്രശ്നങ്ങൾ മൂലവും മറ്റ് സാങ്കേതികകാരണങ്ങളാലും ഡാറ്റാ വെരിഫൈ ചെയ്യാൻ പൂർണ്ണമായി സാധിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. മാപ്പിങ്ങ് പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-40 മൈക്രോളജി കുടിവെള്ളപദ്ധതി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| പ്രൊ.നം | 38/23 | 127/23 | 115/23 | 137/23 |
|---|---|---|---|---|
| അടങ്കൽ | 7,50,000/-CFC | 1,50,000 (തനത്) | 5,80,000(CFC) | 2,50,000(cfc) |
| ചെലവ് | 653013 | 149974 | 452211 | 95189 |
| ബിൽനം. | 382/04.03.2023 | 5305142/18.05.2022 | 66/10.06.2022 | 598/29.03.2023 |

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മേൽ പ്രൊജക്ടുകൾ പ്രകാരം മൈക്രോളജി കുടിവെള്ള പദ്ധതിയ്ക്കായി ആകെ 13,50,387/- രൂപ ചെലവഴിച്ച് വാട്ടർടാങ്ക്, പ്ലാറ്റ് ഫോം, വിതരണപൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കൽ നടപ്പാക്കിയിട്ടുണ്ട്. കുടിവെള്ളപദ്ധതിയ്ക്ക് നിലവിൽ ജലസ്രോതസ്സായി കിണർ ഉണ്ട്. ടി പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ തുടർ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം33/14-11-23)മറുപടി ലഭ്യമാക്കിയില്ല. 13-11-23 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പമ്പിങ്ങ് മെയിൻ പൂർത്തിയാക്കാൻ ഉള്ളതായി കാണുന്നു. 2021ലെ പ്രളയത്തിൽ പമ്പിങ്ങ് മെയിൻ ഒഴുകിപ്പോയിരുന്നു. മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നുവെങ്കിലും പമ്പിങ്ങ് മെയിൻ സ്ഥാപിക്കാൻ അവശേഷിക്കുന്നു. പമ്പിങ്ങ് മെയിൻ കൂടി പൂർത്തീകരിച്ച് കുടിവെള്ളപദ്ധതി കമ്മീഷൻ ചെയ്ത് വിവരം

അറിയിക്കേണ്ടതാണ്.മണിമലയാറ്റിലേക്ക് വീണുകിടക്കുന്ന പമ്പിങ്ങ് മെയിൻ ചുവടെ ചേർക്കുന്ന ചിത്രത്തിൽ കാണാം.




## 1-41 ടാറിംഗ് പ്രവൃത്തികൾ- ബാരൽവില നിശ്ചിതശീർഷകത്തിൽ അടവാക്കിയിട്ടില്ല

സർക്കുലർ നമ്പർ 59827/എഫ് എം/07 തസ്വഭവ തീ 30-10-2007 പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കുന്ന ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി.ഒ (പി)177/06 ഫിൻ തീയതി 12-4-2006 ഉത്തരവ് ഖണ്ഡിക 3-10 പാലിച്ച് തിരിച്ചടയ്ക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ 2022-23 ൽ നിർവ്വഹണം നടത്തിയ റോഡ് റീടാറിംഗ് പ്രവൃത്തികളുടെ പ്രൈസ് 3 യിൽ തയ്യാറാക്കിയ ഫൈനൽ ബില്ലിൽ നിന്നും കാലിബാരൽ വില കണക്കാക്കി കുറവ് ചെയ്യുന്ന തുകകൾ നിലവിൽ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായി കാണുന്നു. 2022-23 ൽ തനത് ഫണ്ട് ഒഴികെയുള്ള ഫണ്ടുകളിൽ നിന്നും കുറവ് ചെയ്ത കാലി ബാരൽ വില സർക്കാറിലേയ്ക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-42 വിവിധ തനത് ഫണ്ട് ചെലവുകൾ - അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്

ചുവടെ ചേർക്കുന്ന വൗച്ചറുകളുമായി ബന്ധപ്പെട്ട റിമാർക്സിൽ ഉൾപ്പെടുത്തിയിട്ടുള്ള അപാകതകൾ പരിഹരിക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

| വൗച്ചർ നം./ തീയതി | ചെലവ് വിവരം | തുക | റിമാർക്സ് |
|---|---|---|---|
| 22200024/30-04-22 | ടേയ്ക്ക് എ ബ്രേയ്ക്ക് വൈദ്യുതി കണക്ഷനായി ഇലക്ട്രിക്കൽ സെക്ഷൻ മുണ്ടക്കയത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുക | 40580 | വൈദ്യുതി കണക്ഷൻ ലഭ്യമായതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിച്ചില്ല. |
| 22200049/30-04-22 | വാർഡ് 6 ലെ കേടായ ആഞ്ഞിലി മരം മുറിച്ച മാറ്റൽ | 6000 | 30.06.21 ലെ 13(3) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ ആഞ്ഞിലി കൂടാതെ 6-ാം വാർഡ് 3 സെന്റ് കോളനി പുറമ്പോക്ക് സ്ഥലത്തെ പ്ലാവ് (6) , പുളി . വാക എന്നീ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുമതിയ്ക്കായി ജില്ലാ ഫോറസ്റ്റ് ഓഫീസർക്ക് കത്ത് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ആഞ്ഞിലി ഉൾപ്പെടെ പ്രസ്തുത മരങ്ങൾ മുറിച്ച |

| | | | |
|---|---|---|---|
| | | | മാറ്റിയതിന്റെയും ലേലം നടത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 22200279/18-8-22 | ഹരിത കർമ്മസേനയ്ക്ക് വെയിംഗ് മെഷീൻ വാങ്ങൽ | 10000 | സ്റ്റോക്ക് എൻട്രി ലഭ്യമായില്ല |
| 22200173/01-08-22 | ഗ്യാസ് ക്രിമറ്റോറിയത്തിലേയ്ക്ക് ഗ്യാസ് സിലിണ്ടർ വാങ്ങൽ | 34800 | ഗ്യാസ് സിലിണ്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. |
| 22200200/04-08-22 | തെളിനീരൊഴുകും പുഴ പരിപാടിയുടെ ഭാഗമായി മണിമല ആറ്റിലെ മണ്ണ് പരിശോധനയ്ക്കായി അമൽജ്യോതി കോളേജിന് നൽകിയ തുക | 10500 | ടെസ്റ്റ് റിപ്പോർട്ട് ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല |
| 22200171/01-08-22 | ബസ് സ്റ്റാന്റ് രസീത് ബുക്ക് പ്രിന്റിംഗ് ചാർജ്<br>(100 എണ്ണം ) | 6800 | പഞ്ചായത്തിൽ ലഭ്യമാകുന്ന രസീത് ബുക്കുകളുടെ വിവരം സ്റ്റോക്ക് എൻട്രി നടത്തിയില്ല. ഇഷ്യൂ ചെയ്യുവ തിരികെ പഞ്ചായത്തിൽ ഏൽപ്പിക്കുന്ന വിവരം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത്. രസീത് നം. 621 മുതൽ 650 വരെയുള്ളത് കളക്ഷന് ശേഷം തിരികെ ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. |
| 22200167/01-08-22 | ഹരിത കർമ്മ സേന രസീത് ബുക്ക് പ്രിന്റിംഗ് ചാർജ്<br>(300 എണ്ണം ) | 21000 | സ്റ്റോക്ക് എൻട്രി , ക്വട്ടേഷൻ നടപടി ക്രമങ്ങൾ ലഭ്യമായില്ല |
| 22200334/18-08-22 | പോസ്റ്റ് ഷിഫ്റ്റിംഗ് - അസ്സംബനി - ഇലക്ട്രിക്കൽ സെക്ഷൻ മുണ്ടക്കയത്തിന് ഡെപ്പോസിറ്റ് ചെയ്ത തുക | 9466 | പ്രവൃത്തി നടത്തിയതിന്റെ വിവരം , വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| 22201239/31-03-23 | മണിമലയാറിലെ ചെക്ക് ഡാം റിപ്പയർ ചെയ്തതിനുള്ള ചെലവ് | 18738 | 10000 രൂപയ്ക്ക് മേലുള്ള പ്രവൃത്തിയാണെങ്കിലും പെറ്റി വർക്ക് ആയാണ് |

| | | | |
|---|---|---|---|
| | | | പ്രവൃത്തി നടത്തിയിരിക്കുന്നത്. അസി.എഞ്ചിനീയറുടെ എസ്റ്റിമേറ്റ് , വാല്യുവേഷൻ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. |
| 22200953/30-01-23 | വാർഡ് 6 ൽ ഡിമാൻഡ് നോട്ടീസ് വിതരണം ചെയ്തതിന് അനുവദിക്കുന്ന തുക | 7020 | വിതരണം ചെയ്ത കുടുംബശ്രീ പ്രവർത്തകയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രമാണ് എല്ലാ വാർഡുകളിലും തുക അനുവദിച്ചു വരുന്നത്. വാർഡ് തലത്തിലുള്ള വീടുകളുടെ വിശദാംശം, വാർഡ് മെമ്പറുടെ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടില്ല. |
| 22200833/30-12-22 | തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് | 91833 | KSEB ഡിമാൻഡ് നോട്ടീസ് വൗച്ചറിനൊപ്പം ചേർത്തിട്ടില്ല. |
| 22200757/ 30-11-22 | കേരളോത്സവം മുൻകൂർ ചേലവുകൾ | 20000 | സമാപന യോഗത്തിന്റെ ആകസ്മികചെലവുകൾ ശ്രീ.കെ.ടി രാജേഷ് ന് നൽകിയത് . മുൻകൂർ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമായില്ല |
| 22200616/18-11-22 | ഇൻവെർട്ടർ ബാറ്ററി വാങ്ങൽ | 8400 | പഴയ ബാറ്ററി ലേലം ചെയ്യാൻ സ്വീകരിച്ച നടപടികൾ ലഭ്യമായില്ല |
| 22200620/18-11-22 | പോലീസ് എയ്ഡ് പോസ്റ്റ് കറന്റ് ചാർജ് | 326 | നിലവിൽ എയ്ഡ് പോസ്റ്റ് പ്രവൃത്തിക്കുന്നുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ് |
| | ആകെ | 285463 | |

അപാകതകൾ പരിഹരിക്കാൻ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. തുടർ നടപടി വിവരം ലഭ്യമാകുന്നതുവരെ ചെലവഴിച്ച 285463/- രൂപ തടസ്സപ്പെടുത്തുന്നു.

**1-43 മുൻകൂർ നൽകിയ തുകകൾ - ക്രമീകരിക്കുൻ നടപടി സ്വീകരിക്കേണ്ടതാണ്**

ബാലൻസ് ഷീറ്റ് B18 ഷെഡ്യൂളിൽ ചുവടെ ചേർക്കും പ്രകാരം അഡ്വാൻസ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

| ശീർഷകം | ഇനം | തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| 460100103 | Temperory | 90167 | പ്രേരക് ശമ്പളം |

| | | | |
|---|---|---|---|
| | Advance For Official Purposes | | അഡ്വാൻസ് നൽകിയത് , പ്രളയ സഹായധനം ഡി ഡി പി യ്ക്ക് നൽകിയത് |
| 460100199 | Other Advances | 21580 | വിശദാംശങ്ങൾ ലഭ്യമായില്ല |
| 460400101 | Advance To Suppliers | 120387 | 30/01/2020 ൽ കെൽട്രോണിന് കൈമാറിയ തുക |
| 460500204 | Advance To CDS | 19010 | കുടുംബ ശ്രീയ്ക്ക് നൽകിയ അഡ്വാൻസ് |
| 460500399 | Advance To Other Authorised Agencies | 190168 | പ്രേരക് ശമ്പളം അഡ്വാൻസ് നൽകിയത് , ജില്ലാ പഞ്ചായത്ത് പ്രോജക്ട് വിഹിതം കൈമാറൽ ( 193/21) |
| 460500501 | Advance To Implementing Officers | 2766358 | വിവിധ കോവിഡ് ചെലവുകൾ , പാലിയേറ്റീവ് ജീവനക്കാരുടെ ശമ്പളം തനത് ഫണ്ടിൽ നിന്നും നൽകിയത് |
| 460500801 | Advance To NREGA | 525400 | എൻ ആർ ഇ ജി എ ജീവനക്കാരുടെ ശമ്പളം തനത് ഫണ്ടിൽ നിന്നും നൽകിയത് |
| 460509901 | Advance To Others | 1406287 | എൻ ആർ ഇ ജി എ ജീവനക്കാരുടെ ശമ്പളം തനത് ഫണ്ടിൽ നിന്നും നൽകിയത് |

പ്രസ്തുത തുകകൾ ക്രമീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/13-11-23) മറുപടി ലഭ്യമാക്കിയില്ല. തുകകൾ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-44 ഓണം അഡ്വാൻസ് - ബാലൻസ് തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്**

ബാലൻസ് ഷീറ്റ് B18 ഷെഡ്യൂളിൽ ഫെസ്റ്റിവൽ അഡ്വാൻസ് 5000 രൂപ 2022- 23 ലെ ബാലൻസ് കാണിച്ചിരിക്കുന്നു. പരിശോധനയ്ക്ക് നൽകിയ അഡ്വാൻസ് രജിസ്റ്ററിൽ ഓണം അഡ്വാൻസ് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ് തുക ഏത് ജീവനക്കാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണെന്ന വിവരം നൽകണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 37/14-11-23)മറുപടി നൽകിയില്ല. നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്ന് തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-45 ബി 4 ഷെഡ്യൂൾ - നീക്കിയിരിപ്പ് തുകകൾ ക്രമീകരിക്കേണ്ടതാണ്**

വാർഷിക കണക്കുകൾ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള പല തുകകളും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി പഞ്ചായത്തിന് ലഭിച്ചവയിൽ ചെലവഴിച്ചതിന് ശേഷം നീക്കിയിരിപ്പ് ഉള്ള തുകയോ, പ്രോജക്ട് പ്രകാരം ചെലവഴിച്ചുവരുന്ന തുകകളോ , വ്യക്തമായ പ്രോജക്ടുകൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ കഴിയാത്ത തുകകളോ ആണ്. മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ ബി 4 ഷെഡ്യൂൾ നീക്കിയിരിപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാലൻസ് | ഇനം | തുക |
|---|---|---|

| ഷീറ്റിലെ കണക്ക് ശീർഷകം | | (രൂപ) |
|---|---|---|
| 320100999 | Other Liabilities | 58535 |
| 320100153 | PYKA | 140976 |
| 320100191 | Nirmal Puraskar | 333815 |
| 320100186 | WGDP | 91111 |
| 320200305 | Grants , Funds & Contribution For Specific Purposes – Grants For Drinking Water Scheme | 1601546 |
| 320100197 | Literacy Scheme Grant | 171361 |
| 320200399 | Grants , Funds & Contribution For Specific Purposes – Other Purposes | 1074610 |
| 320700104 | Contribution For Joint Venture Projects ( Capital Exp) –From Block Pt | 451945 |
| 320700105 | Contribution For Joint Venture Projects ( Capital Exp) –From Dist Pt | 3000000 |
| 320700204 | Contribution For Joint Venture Projects ( Revenue Exp) –From Block Pt | 3510782 |
| 320700205 | Contribution For Joint Venture Projects ( Revenue Exp) –From District Pt | 19685 |
| 320700404 | Contribution For Other Specific Purposes (Revenue Exp) – From Block Pt | 16 |
| 320800199 | Contribution For Other Specific Purposes - Capital | 278531 |
| 320800101 | Beneficiary Contributions | 1558168 |

നീക്കിയിരിപ്പ് തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/13-11-23) മറുപടി ലഭ്യമാക്കിയില്ല.ജില്ലാപഞ്ചായത്തിൽ നിന്നും എയ്റോബിക് കമ്പോസ്റ്റ് നിർമ്മാണത്തിനായി ലഭിച്ച 30,00,000/-രൂപ പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ ജില്ലാപഞ്ചായത്തിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്. ലഭിച്ച തുകകൾ ചെലവഴിക്കുന്നതിനോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഏജൻസികളിൽ തിരികെ അടവാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

**1-46 വിവിധകമ്മറ്റി തീരുമാനങ്ങൾ -നടപ്പാക്കുന്നതിൽ അലംഭാവം**

ഗ്രാമപഞ്ചായത്ത് വിവിധ ജനറൽ കമ്മറ്റിയിൽ എടുത്ത താഴെപറയുന്ന തീരുമാനങ്ങൾ നാളിതുവരെ

നടപ്പാക്കിയിരുന്നില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. 13-5-22 ലെ4(14) നം തീരുമാനം**

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ പതിമൂന്നാം വാർഡിലെ ഭദ്രാ മഠം എൽപിഎസ് സ്കൂൾ പുലികുന്നിലെ മെയിന്റനൻസ് ചെയ്തപ്പോൾ പൊളിച്ചുവെച്ച ആസ്പറ്റോസ് ഷീറ്റ്, ഓട്, ജനൽ തുടങ്ങിയ സാധനങ്ങളുടെ വാലുവേഷൻ എടുക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർ LID&EW മുണ്ടക്കയത്തിനെ ചുമതലപ്പെടുത്തി കമ്മിറ്റി അംഗീകരിച്ച തീരുമാനിച്ചു.

**2.26-7-22 ലെ8(1) നം തീരുമാനം**

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഔട്ട്ഡോർ സ്പോർട്സ് സൗകര്യങ്ങൾക്കായുള്ള കളി സ്ഥലങ്ങളുടെ വികസനം എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുത്തൻചന്ത സ്റ്റേഡിയം നവീകരണം എന്ന പ്രോജക്ട് തയ്യാറാക്കുന്നതിന് കമ്മിറ്റി അംഗീകരിച്ച തീരുമാനിച്ചു.

**3. 25-8-22 ലെ9(1) നം തീരുമാനം**

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ 10-ാം വാർഡിൽ പുഞ്ചവയൽ SC വ്യവസായ കേന്ദ്രത്തിലെ മെഷീൻ ലേലം ചെയ്യുന്നതിനുള്ള ആവിശ്യത്തിനായി മെഷീന്റെ വാല്യൂവേഷൻ എടുക്കുന്നതിനു അമൽ ജ്യോതി എൻജിനീയറിങ് കോളേജ് മെക്കാനിക്കൽ വിഭാഗത്തിന് കത്ത് നൽകുന്നതിനും കമ്മിറ്റി അംഗീകരിച്ച തീരുമാനിച്ചു.

മേൽ തീരുമാനങ്ങൾ നടപ്പാക്കിയിരുന്നുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം11/9-11-23)മറുപടി ലഭ്യമാക്കിയിരുന്നില്ല. കമ്മറ്റി തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നത് അതീവ ഗുരുതരമായ കൃത്യവിലോപമാണ്. മേൽപറഞ്ഞവ നടപ്പാക്കാതിരിക്കുന്നത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയാകുന്നതാണ്. കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-47 അംഗനവാടികൾക്ക് വാട്ടർ ടാങ്ക് വിതരണം - നിർവ്വഹണത്തിലെ അപാകതകൾ

ഐ. സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ 156/23) പ്രകാരം റോഡിതരമെയിന്റനൻസ് ഫണ്ടിൽ നിന്നും 143960/- രൂപ (ബിൽ നമ്പർ 10/19.11.22) ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിലെ 40 അംങ്കണവാടികളിൽ 500ലിറ്റർ വാട്ടർ ടാങ്ക് വാങ്ങി നൽകിയിട്ടുണ്ട്. സൗത്ത് ഇൻ പോളിമേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ടാങ്ക് ഒന്നിന് 3599/-രൂപ നിരക്കിലാണ് (ഇൻവേയിസ് നമ്പർ SIP1142/19/01.22) ടാങ്ക് വാങ്ങിയിട്ടുള്ളത്. ആവശ്യകതാ നിർണ്ണയം നടത്തിയതിന്റേയോ, അങ്കണവാടികളിൽ നിന്നും ടാങ്ക് ആവശ്യപ്പെട്ടതിന്റേയോ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 13.11.23ൽ അങ്കണവാടി നമ്പർ 47, 45 എന്നിവിടങ്ങളിൽ പരിശോധന നടത്തിയതിൽ അങ്കണവാടി നമ്പർ 47 ൽ ടാങ്ക് ആവശ്യമില്ലാ എന്നും, അഗനവാടി നമ്പർ 45 ൽ ടാങ്ക് ഉപയോഗിക്കാതെ വച്ചിരിക്കുന്നതായും കണ്ടു. അങ്കണവാടി നമ്പർ 39 ൽ കുഴൽകിണർ ഉണ്ട്. മോട്ടോർ സ്ഥാപിച്ച് അനുബന്ധ പ്രവൃത്തികൾ നടത്തിയാലേ ടാങ്ക് ഉപയോഗപ്രദമാകൂ. ആവശ്യകതാ നിർണ്ണയം നടത്താതെ പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/23 /13.11.23 ന് ലഭ്യമാക്കിയ മറുപടിയിൽ അങ്കണവാടി വർക്കർമാരുടെ മീറ്റിംഗിൽ ആവശ്യപ്പെട്ടതിനാലാണ് പ്രോജക്ട് നടപ്പാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. വാങ്ങിയ ടാങ്കുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല, വിതരണവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വാങ്ങി നൽകിയ ടാങ്കുകൾ ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-48 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ -നിർവ്വഹണത്തിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ 295/23) പ്രകാരം വികസന ഫണ്ടിൽ നിന്നും 328514/- രൂപ ചെലവഴിച്ച് ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ബിൽ നമ്പർ 33/ 29.03.23 പ്രകാരം 151993/- രൂപ പിൻവലിച്ച് കെൽട്രോണിൽ നിന്നും (ഇൻവോയിസ് നമ്പർ KLD/HA/22-23/803- 3.3.23), ബിൽ നമ്പർ 31/ 29.03.23 പ്രകാരം 176521/- രൂപ പിൻവലിച്ച് കേരള വികലാംഗ ക്ഷേമ കോർപറേഷനിൽ നിന്നും (ഇൻവോയിസ് നമ്പർ 201/ 22-23/4.3.23) ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല, വിതരണവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം മെഡിക്കൽ ക്യാമ്പ് നടത്തി ആയതിന്റെ അടിസ്ഥാനത്തിലല്ല വാങ്ങൽ നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. ഓർത്തോ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ഡോ.സൈമൺ.ടി.ചുങ്കത്തിന്റെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റ് വിഭാഗങ്ങൾക്ക് ഡോക്ടറുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതുവരെ 328514/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1- 49 ഭവനപുനരുദ്ധാരണ പ്രോജക്ട് പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല**

വി.ഇ.ഒ, നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ ( എസ് സി പി) എന്ന പ്രോജക്ട് ( നമ്പർ 228/23 ) പ്രകാരം വികസന ഫണ്ട് എസ് സി പി വിഭാഗത്തിൽ നിന്നും 3750000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 100000/രൂപ നൽകുവാനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. പ്രോജക്ട് പ്രകാരം ആകെ 39 ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയിരുന്നു. ഇതിൽ 36 ഗുണഭോക്താക്കൾ തൻവർഷം ഭവനപുനരുദ്ധാരണം പൂർത്തിയാക്കി അവസാനഗഡു തുക കൈപ്പറ്റിയിട്ടുണ്ട്. അവശേഷിക്കുന്ന മൂന്ന് ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നമ്പർ തീയതി |
|---|---|---|---|
| 1 | കെ.കെ. തങ്കപ്പൻ, കിണറ്റുങ്കൽ ഇഞ്ചിയാനി | 50000/- | 67/ 17.02.23 |
| 2 | ലീലാമ്മ കുഞ്ഞുമോൻ, പരിയാരത്തിൽ ഇഞ്ചിയാനി | 50000/- | 71/27.2.23 |
| 3 | സ്യാമള തങ്കപ്പൻ, കൊച്ചിപ്പടി, മൂണ്ടക്കയം | 50000/- | 74/3.3.23 |

മേൽ പ്രസ്താവിച്ച ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/23 /13.11.23 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-50 ലൈഫ് ഭവനപദ്ധതി- ദീർഘ കാലമായി ഭവന നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നു**

ലൈഫ് ഭവന പദ്ധതി സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിരവധി ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാതെ വിവിധ ഘട്ടങ്ങളിലായി കിടക്കുന്നതായി കാണുന്നു. അവസാനം ഗഡു കൈപ്പറ്റി കൂടുതൽ കാലയളവായി ഭവന നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | ആകെ അനുവദിച്ച തുക | അവസാനം അനുവദിച്ച തുക, തീയതി |
|---|---|---|---|
| 1 | ജോസഫ്.പി.ജെ, പുളിക്കക്കുന്നേൽ | 360000/രൂപ | 60000/ 18.05.22 |
| 2 | അംബിക &സോമരാജൻ, തോട്ടാശ്ശേരിൽ | 300000/രൂപ | 100000/09.03.2022 |
| 3 | തോമസ് ദേവസ്യ, കാവുങ്കൽ | 40000/ രൂപ | 08.02.22 |
| 4 | രാധാമണി, ഇല്ലിക്കൽ | 300000/രൂപ | 100000/20.01.2022 |
| 5 | ഷീന.പി.പി, പുതിയിടത്ത് | 40000/ രൂപ | 23.08.2022 |
| 6 | പി.പി.സലിം& രജനിസലിം, പുതുപ്പറമ്പിൽ | 40000/ രൂപ | 30.11.22 |
| 7 | നിഷ സലിം, പുത്തൻപുരക്കൽ | 200000/ രൂപ | 160000/06.03.23 |

| | | | |
|---|---|---|---|
| 8 | ശ്രീനാഥൻ.പി.എൻ, പാറയിൽപുരയിടം | 200000/ രൂപ | 160000/02.03.23 |
| 9 | എം.ജെ.ബെന്നി, മൈലത്തടിക്കൽ | 200000/ രൂപ | 60000/20.03.23 |
| 10 | ഷേർളിസാബു, ഉറുമ്പുകല്ലിൽ | 40000/ രൂപ | 16.02.23 |
| 11 | രാധാമണിപുതുപ്പറമ്പിൽ | 40000/ രൂപ | 27.04.23 |
| 12 | തങ്കമ്മ രാജപ്പൻ, പുതുപ്പറമ്പിൽ | 360000/രൂപ | 100000/13.09.22 |
| 13 | സുധഗോപാലകൃഷ്ണൻ, ഇല്ലിക്കൽ | 40000/ രൂപ | 27.04.23 |
| 14 | ജാസ്മി പുതുപ്പറമ്പിൽ | 40000/ രൂപ | 27.04.23 |
| 15 | മുരുകൻ& രാജേശ്വരി, പുളിമൂട്ടിൽ | 40000/ രൂപ | 27.04.23 |
| 16 | സുമജോജി& ജോജി, കൊച്ചിപടിക്കൽ | 40000/ രൂപ | 10.02.21 |
| 17 | ഉഷ എം.റ്റി, മന്നത്താനിയിൽ | 300000/രൂപ | 160000/6.6.22 |
| 18 | സജിനിജയൻ, ചോലപ്പാട്ടിൽ | 80000/ | 40000/11.10.22 |
| 19 | ഓമന, കളരിക്കൽ | 40000/ | 27.04.23 |

മേൽ പ്രസ്താവിച്ച ഗുണഭോക്താക്കൾ കൂടാതെ നിരവധി ഗുണഭോക്താക്കൾ വിവിധ ഘട്ടങ്ങൾക്കുള്ള തുക കൈപ്പറ്റിയ ശേഷം മാസങ്ങളായി അടുത്ത ഗഡു ലഭിക്കുന്നതിനായി പഞ്ചായത്തിനെ സമീപിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയാക്കണം എന്നാവശ്യപ്പെട്ട് ഗുണഭോക്താക്കൾക്ക് കത്ത് അയച്ചിരുന്നു എങ്കിലും തുടർ പുരോഗതികൾ ഉണ്ടായിട്ടില്ല. തുക കൈപ്പറ്റിയതിന് ശേഷം ഭവനനിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-51 ഭൂരഹിത ഭവനരഹിതരുടെ പ്രോജക്ട് പ്രകാരം ഭൂമി ലഭിച്ച ഗുണഭോക്താവ് ഭവനനിർമ്മാണത്തിന് കൈപ്പറ്റിയ ആനുകൂല്യം തിരിച്ചടച്ചു**

ഭൂരഹിത ഭവനരഹിത ഗുണഭോക്താവായ ശ്രീമതി. രമാഭായി, മാങ്ങായിൽ, പുഞ്ചവയൽ എന്ന ഗുണഭോക്താവിന് 2021-22 സാമ്പത്തിക വർഷത്തെ പ്രോജക്ട് പ്രകാരം കോരുത്തോട് പഞ്ചായത്തിൽ എരുമേലി നോർത്ത് വില്ലേജിൽ ബ്ലോക്ക് നമ്പർ 26 റീ സർവ്വേ നമ്പർ 86/3-3 ൽ ഉൾപ്പെട്ട 1.21 ആർ സ്ഥലം 200000/-രൂപ വിലക്ക് വാങ്ങി രജിസ്റ്റർ ചെയ്ത് നൽകിയിരുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം.174/23 ലൈഫ് മിഷൻ-ഭവന നിർമ്മാണം ജനറൽ എന്ന പ്രോജക്ട് പ്രകാരം ഭവനനിർമ്മാണത്തിനായി അഡ്വാൻസ് 40000/- രൂപ (ബിൽ27/25.05.2023 ) 25.05.2023 ൽ കൈപ്പറ്റിയിരുന്നു. ഗുണഭോക്താവ് 04.10.2023 ൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ അപേക്ഷയിൽ വീട് പണിയുന്നതിന് ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ 25.05.2023 ൽ കൈപ്പറ്റിയ അഡ്വാൻസ് തുക തിരികെ അടക്കുന്നു എന്ന് അറിയിച്ചിട്ടുണ്ട്. 04.10.2023 ലെ രസീത് നമ്പർ 1230202980/ G051105 പ്രകാരം 40000/- രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. എന്നാൽ തുക തിരികെ ഒടുക്കിയപ്പോൾ പദ്ധതി പണം ഉപയോഗിച്ച് വാങ്ങിയ സ്ഥലം സംബന്ധിച്ച് സെക്രട്ടറി വിശദീകരണം തേടിയിരുന്നില്ല. ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 16.10.2023 തീയതിയിലെ 14(5) നമ്പർ തീരുമാനപ്രകാരം ഗുണഭോക്താവിന് ഭൂമി വാങ്ങുന്നതിനായി നൽകിയ 200000/-രൂപ 18% പലിശയോടുകൂടി തിരികെ ഈടാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കുന്നതിന് വി.ഇ.ഒ യെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ പ്രസ്തുത ഗുണഭോക്താവിന് നിലവിൽ വാസയോഗ്യമായ ഭവനം ഉണ്ടോയെന്ന വിവരവും സർക്കർ നയത്തിന് അനുസൃതമായി പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും അറിയിക്കേണ്ടതാണ്. ഗുണഭോക്താവിന് ഭൂമി വാങ്ങുന്നതിനായി നൽകിയ 200000/രൂപ 18% പലിശയോടുകൂടി തിരികെ ഈടാക്കുകയോ മറ്റുമാർഗ്ഗങ്ങൾ (മറ്റൊരു ഗുണഭോക്താവിന് കൈമാറുക. ഭൂമി സെക്രട്ടറിയുടെ പേരിലേക്ക് തൽക്കാലം രജിസ്റ്റർ ചെയ്യുക) അവലംബിക്കുകയോ അടിയന്തിരമായി

ചെയ്യേണ്ടതാണ്. ഭവന രഹിതരായ ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിഘാതമായ രീതിയിലുള്ള പ്രോജക്ട് നിർവ്വഹണം ഒഴിവാക്കേണ്ടതുമാണ്.

**1-52 കന്നുകുട്ടി പരിപാലനപദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

| | |
|---|---|
| പേര് | 298/23, കന്ന്കുട്ടി പരിപാലനപദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, മുണ്ടക്കയം ഗ്രാമപഞ്ചായത്ത് |
| ചെലവ് | 437500/- (Plan Fund – Gen) |
| ബിൽ നം., തീയതി | 16/22-23. /16.03.23 |

മേൽ പ്രോജക്ട് പ്രകാരം 35 ഗുണഭോക്താക്കളുടെ കന്നുകുട്ടികളെ എൻറോൾ ചെയ്തിട്ടുണ്ട്. പദ്ധതിക്കായി ടി തുക അഡീഷണൽ ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം-ന്റെ പേരിൽ നൽകിയിട്ടുണ്ട്. 35 ഗുണഭോക്താക്കളും ഒക്ടോബർ 2023 വരെ പ്രോജക്ട് പ്രകാരം കാലിത്തീറ്റ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**1-53 അധിക വിഭവ സമാഹരണം – അവലോകനം**

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ മുഖ്യപങ്കുവഹിക്കുന്ന കെട്ടിടനികുതിയിൽ നിന്നും തൻവർഷം ലഭിച്ച വരുമാനം 9788454/- രൂപയാണ്. തൊഴിൽ നികുതി ഇനത്തിൽ 2250030/- രൂപയും വാടക ഇനത്തിൽ 6289917/- രൂപയും ലൈസൻസ് ഫീസ് ഇനത്തിൽ 276700/- രൂപയുമാണ് തൻവർഷ വരവ്. പഞ്ചായത്തുകളിൽ ഉള്ള വീടുകളുടെയും ജനസംഖ്യ അനുപാതത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിച്ച് നൽകുന്ന ജനറൽ പർപ്പസ് ഗ്രാൻഡ് ഇനത്തിൽ 19244000/- രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. വർദ്ധിച്ച് വരുന്ന ഭരണ ചെലവുകൾക്ക് ആനുപാതികമായി വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നില്ല. ആയതിനാൽ പഞ്ചായത്തിന് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഒ.പി നം.6/2021/ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. മേൽപരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

**ഭരണസമിതിയുടെ പ്രവർത്തനം**

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ 05.05.2023 ലെ IV/Iനമ്പർ പ്രകാരം (മേഖല, റോഡുകൾ എന്നിവ സഹിതം) തീരുമാനിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തത് ശ്ലാഘനീയമാണ്.

**ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം**

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല.
2. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.
3. വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ജാഗ്രത പുലർത്തിയില്ല.
4. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയ വരവിനങ്ങളെ സംബന്ധിച്ച അവലോകന യോഗങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചേർന്നിട്ടുണ്ട്.

**വസ്തു നികുതി**

1. ബജറ്റിലെ പ്രതീക്ഷിത വരവുമായി യഥാർത്ഥ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. കൂടാതെ, ഐ.എൽ.ജി.എം.എസ് വരവ്, സഞ്ചയ വരവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.
2. 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്
3. റോഡ് മാപ്പ് സംബന്ധിച്ച സർവ്വേ (മേഖല, റോഡുകൾ എന്നിവ സഹിതം) പൂർത്തീകരിച്ചിട്ടുള്ളതും വേരിഫിക്കേഷൻ നടപടികൾ നടന്നു വരുന്നതുമാണ്.
4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകിയിട്ടുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് സഞ്ചയയിൽ ചേർത്ത് ക്രമവത്ക്കരണം നടത്താവുന്ന കെട്ടിടങ്ങൾക്ക് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിയമാനുസൃതമാക്കുന്നതിനും അല്ലാത്തപക്ഷം പൊളിച്ചുനീക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിനു ശേഷം കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണം) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പോസ്റ്റ് ഒക്യുപൻസി വിവരങ്ങൾ നിരീക്ഷിക്കുന്നില്ല.

**തൊഴിൽ നികുതി**

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. പഞ്ചായത്തിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ വാർഷിക കണക്കിലെ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതുമൂലം 2022-23 വർഷം പഞ്ചായത്തിന് ലഭിക്കേണ്ട നികുതി ഇനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.
3. തൊഴിൽ നികുതി അടയ്ക്കാനുള്ള സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഡാറ്റാബേസ് അപൂർണ്ണമാണ്. സിവിൽ കൺസ്ട്രക്ഷൻ സ്ഥാപനങ്ങൾ, കള്ളുഷാപ്പുകൾ, ആധാരം എഴുത്തുസ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായ സ്ഥാപനങ്ങളും ഗവ.പ്ലീഡർമാർ, നോട്ടറികൾ ഉൾപ്പെടെയുള്ള അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരും ഡിമാൻഡിൽ ഉൾപ്പെട്ടിട്ടില്ല.
4. സ്ഥാപനങ്ങളിൽനിന്ന് ലഭ്യമായ നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത്.
5. തൊഴിൽ നികുതി രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**നികുതിയേതര വരവുകൾ**

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 820 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2474 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.

പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിൽ ഉൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 10.11.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 ൽ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു .

| വിഹിതം നല്കിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1200000 | ഭവന നിർമ്മാണം-ജനറൽ (174/23) | 1200000 | 0 |
| | 2022-23 | 300000 | ലൈഫ് ഭവനപദ്ധതി -പട്ടികജാതി (175/23) | 300000 | 0 |
| | 2022-23 | 591700 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും (325/23) | 591700 | 0 |
| | 2022-23 | 700000 | അങ്കണവാടികളിൽ കൂടിയുള്ള അനുപൂരക പോഷകാഹാര പരിപാടി (52/23) | 700000 | 0 |
| | 2022-23 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(232/23) | 200000 | 0 |
| | ആകെ | 2991700 | ആകെ ബ്ലോക്ക് വിഹിതം 2022-23 | 2991700 | 0 |
| കോട്ടയം ജില്ല പഞ്ചായത്ത് | 2022-23 | 450000 | ലൈഫ് ഭവനപദ്ധതി - ടി എസ് പി (175/23) | 450000 | 0 |
| | 2022-23 | 400000 | ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ(59/23) | 400000 | 0 |
| | 2022-23 | 140000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും (325/23) | 140000 | 0 |
| | 2022-23 | 55000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 55000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (232/23) | | |
| | സ്പിൽ ഓവർ | 297821 | മൂന്ന് സെന്റ് പ്ലാന്റേഷൻ റോഡ് പുനരുദ്ധാരണം -Wrad 8 (133/23) | 297821 | 0 |
| | ആകെ | 1742821 | ജില്ല പഞ്ചായത്ത് വിഹിതം | 1742821 | 0 |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ.) സൂക്ഷിച്ചിട്ടില്ല എന്നതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതും ചെലവഴിക്കുന്നതുമായ സംയുക്ത പ്രോജക്ട് ഫണ്ടുകൾ ലഭിച്ച കാലയളവ്, ലഭിച്ച ഉദ്ദേശ്യം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ല . ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന് എ.സി.ആർ. കൃത്യമായി സൂക്ഷിച്ച് കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

2022-23 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തിയായി പ്രോജക്ട് നടത്തുന്നതിന് ഭൂജല വകുപ്പ്, കെ.എസ്.ഇ.ബി എന്നീ ഏജൻസികളിൽ സെക്രട്ടറിയുടെ 3 പ്രോജക്ടുകൾ പ്രകാരം 8,49,075/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | വരിക്കാനി ഇ എം എസ് കോളനി ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (153/23) | 651250/- | ഇല്ല | 651250/- |
| കെ എസ് ഇ ബി | മൈക്കോളജി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ (148/23) | 21660/- | ഇല്ല | 21660/- |
| | വിവിധ വാർഡുകളിൽ റോഡിൽ തടസ്സമായി നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (387/23) | 176165/- | ഇല്ല | 176165/- |
| ആകെ | | 849075/- | - | 849075/- |

വിവിധ ഏജൻസികളിലെ നിക്ഷേപം അഡ്വാൻസ് നൽകിയത് ഏജൻസികളുമായി കരാർ ചമച്ചിട്ടില്ല. പ്രോജക്ടുകൾ പ്രകാരം കരാർ ചമച്ചയ്ക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കി നിക്ഷേപ തുക ക്രമീകരിക്കേണ്ടതുമാണ്.

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ

നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

### 4-5 വായ്പ/വായ്പ തരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജി.ഒ(എം.എസ്) 68/2018 /തസ്വഭവ /18.5.2018 | 27,536,309/- | 1,11,08,682/- | 45,83,940/- | - | 3,40,61,051/- |

ലൈഫ് മിഷൻ ലോൺ തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ട്, RP-40b പ്രകാരം (യൂണിയൻ ബാങ്ക്, മുണ്ടക്കയം ശാഖ അക്കൗണ്ട് നം. 337102010009962) 31/03/2023 ലെ നീക്കിയിരിപ്പ് 36,28,446/- രൂപയാണ്. എന്നാൽ ബി 5 (Secured Loan) ഷെഡ്യൂളിലെ തുകയും B-16 (Pre - Paid Expenses) ഷെഡ്യൂളിലെ തുകയും തമ്മിലുള്ള വ്യത്യാസം 36,38,446/- രൂപയാണ്. ടി തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ബാങ്ക് അക്കൗണ്ടിലുള്ള ബാലൻസ് തുകയും തമ്മിൽ 10,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ലോൺ രജിസ്റ്റർ, ബാങ്ക് പാസ്സ്ബുക്ക്, റീകൺസിലിയേഷൻ പത്രിക എന്നിവയിൽ പ്രസ്തുത വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. ലോൺ അക്കൗണ്ട് പലിശ 48446/- രൂപ ലോൺ തിരിച്ചടവിനുള്ള തുകയിൽ ഉൾപ്പെടുത്തിയാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ ലോണിനത്തിലുള്ള യഥാർത്ഥ നീക്കിയിരിപ്പ് വാർഷിക കണക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

### 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള സ്ഥിരനിക്ഷേപ കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,05,42,832/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ) | 7,53,187/- |
| തനത് ഫണ്ടിലേക്ക് ലഭിച്ച തുക | 1,27,046/- |
| ആകെ | 4,14,23,065/- |
| തനത് ഫണ്ടിലേക്ക് ലഭിച്ച പലിശ തുക | 1,27,046/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1,93,81,474/- |
| പിൻവലിച്ച ആകെ തുക (പലിശ ഉൾപ്പടെ ) | 1,95,08,520/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,19,14,545/- |

പഞ്ചായത്തിന് വിവിധ ബാങ്കുകളിലായി നിലവിൽ 9 സ്ഥിരനിക്ഷേപങ്ങളാണുള്ളത്. എന്നാൽ സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരം 5 സ്ഥിരനിക്ഷേപങ്ങൾ മാത്രമാണുള്ളത്. സ്ഥിര നിക്ഷേപങ്ങളുടെ ബാങ്ക് സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതുപ്രകാരമുള്ള 2022-23 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം**

| FD നമ്പർ/ബാങ്ക് | ഒറിജിനൽ നിക്ഷേപം/തീ. | 01.4.22 ലെ ബാലൻസ് | 22-23 വർഷം കാലാവധി പൂർത്തിയാക്കിയ തീ. | കാലയളവ്/പലിശ നിരക്ക് | തൻവർഷ പലിശ | തൻവർഷം പിൻവലിച്ചത് | 31.03.23 ലെ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 7758 ഇഞ്ചിയാനി സഹ.ബാങ്ക് | 500000/- 29.07.2013 | 976475 | 29.07.22 | 1 വർഷം 6.75 | 65,912/- | - | 10,42,387 |
| 7424 ഇഞ്ചിയാനി | 10,00,000/- 12.10.12 | 2083500 | 12.10.22 | 1 വർഷം 6.75 | 1,40,636/- | - | 22,24,136/- |

| | | | | | | | |
|---|---|---|---|---|---|---|---|
| സഹ.ബാങ്ക് | | | | | | | |
| 40544202000037 കെ ജി ബി, മുണ്ടക്കയം | 30,00,000/- 13.04.2020 | 3156080 | 13.04.22 | 1 വർഷം 5.45 | 1,72,006/- | - | 33,28,086/- |
| 67177241448 എസ് ബി ഐ പുഞ്ചവയൽ | 20,27,686/- 16.03.2023 | - | - | 1 വർഷം 6.80 | - | - | 20.27,686/- |
| 67218449011 എസ് ബി ഐ പുഞ്ചവയൽ | 46,78,348/- 28.03.2023 | - | - | 1 വർഷം 5.45 | - | - | 46,78,348/- |
| 67197018324 എസ് ബി ഐ പുഞ്ചവയൽ | 28,34,600/- 27.09.2022 | - | - | 1 വർഷം 5.1 | - | - | 28,34,600/- |
| 67213885938 എസ് ബി ഐ പുഞ്ചവയൽ | 17,80,286/- 02.03.2022 | 17,80,286/- | 02.03.23 | 1 വർഷം 6.45 | 92,546/- | - | 18,72,832/- |
| 720425 കേരള ബാങ്ക്, മുണ്ടക്കയം | 20,00,000/- 30.03.2014 | 20,00,000/- | 22.04.22 | 1 വർഷം 6.45 | 1,25,000/- | 125000/- | 20,00,000/- |
| 33710303000/253 യൂണിയൻ ബാങ്ക്,മുണ്ടക്കയം | 10,00,000/- 2.3.2013 | 19,23,886/- | 02.03.23 | 1 വർഷം 6.3 | 98,013/- | - | 20,21,899/- |
| ആകെ തുക | | | | | | | 2,20,29,974/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപ കണക്കിൽ വാർഷിക ധനകാര്യ പത്രിക പ്രകാരവും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പ്രകാരവും 115429/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വാർഷിക ധനകാര്യ പത്രിക, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ബാങ്ക് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകളുടെ വിശദാംശം ഭാഗം 1 ഖണ്ഡിക 1-27 ൽ ചേർത്തിരിക്കുന്നു.

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കണ്ടെത്തിയ ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം. |
|---|---|---|---|---|
| 2019-20 | 1-17 | 10000 | അഡ്വ. ലിജി ജെ വടക്കേടൻ | 1220100010/06.9.2022 |
| 2017-18 | 3-10 | 5199 | അസിസ്റ്റന്റ് എൻജിനീയർ | 1220203623/14.9.2022 |

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | 17 | 2000-01 | lv-1-29(ബി) | അങ്കണവാടികൾക്ക് കെട്ടിടം പണിയൽ-ധനദുർവിനിയോഗം | നിയമസഭാസമിതി നിർദേശപ്രകാരം തുക തട്ടിക്കിഴിക്കാനാവുമോ എന്ന് പരിശോധിക്കുന്നതിലേക്ക്, നിർമ്മിച്ച കെട്ടിട ഭാഗങ്ങളുടെ എസ്റ്റിമേറ്റ് എടുക്കാൻ എൻജിനീയറെ ചുമതലപ്പെടുത്തി. |
| 1997-98 ചെലവ് | 6 | 2000-01 | lv-29 (എ) | മലിനജല കനാൽ വൃത്തിയാക്കൽ-വേലക്കൂലി നൽകൽ | തുക തിരികെയൊടുക്കിയത് ബഹു. നിയമസഭാ സമിതിയെ ബോദ്ധ്യപ്പെടുത്തി. |
| പൊതുപരാമർശം | | 2011-12 | 3-1-23 | കാർഷികപദ്ധതികളും കൃഷിഭവനും – പ്രവർത്തനാവലോകനം. | 17-6-15 ലെ തെളിവെടുപ്പ യോഗത്തിൽ സെക്രട്ടറി കൃഷി ഓഫീസർ എന്നിവർ റിപ്പോർട്ട് നല്കി. |
| പൊതുപരാമർശം | | 2011-12 | 3-1-6 | കൃഷിഭവനിലെ ഭൗതികസാഹചര്യം എന്ന പരാമർശം. | 27.5.15 ലെ തെളിവെടുപ്പ യോഗത്തിൽ റിപ്പോർട്ടു നല്കി. |
| 2009-10, 2010-11 | | 2011-12 | 3-1-19 | ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ | 27.5.15 ലെ തെളിവെടുപ്പ യോഗത്തിൽ റിപ്പോർട്ട് നല്കി. |
| 2004-05 ചെലവ് | 2-12 | 2006-07 | 3-32-1 | കേന്ദ്രാവിഷ്കൃത പദ്ധതി, എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ ദുർവിനിയോഗം. | വിജിലൻസ് കേസ് നിലനിൽക്കുന്നു. നിയമസഭാ സമിതി 2014-16 ന്റെ 52 മത് റിപ്പോർട്ട് ഖണ്ഡിക 29 പ്രകാരം തുടർനടപടിക്ക് ശുപാർശ ചെയ്തു |
| 1999-2000 | 67,68 | 2002-03 | VII-5-5-1 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം -ഉയർന്ന നിരക്കിൽ സാധനം വാങ്ങിയതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് 40960/- രൂപ ഈടാക്കി. ബാക്കി തുക ഈടാക്കുന്നതിന് അസിസ്റ്റന്റ് |

| | | | | | |
|---|---|---|---|---|---|
| | | | | | എൻജിനീയർക്ക് നോട്ടീസ് നല്കി. |
| 2014-15 | 2-3-1<br>2-3-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2015-16 | 2-3-1<br>2-3-2<br>2-3-3<br>2-3-4<br>2-3-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) (R & P പ്രകാരം ) | : | 160360695 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R & P പ്രകാരം ) | : | 85043002 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2166362 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-28 | 140400 | ഗിരിജ കുമാരി അയ്യപ്പൻ, സെക്രട്ടറി<br>നിമ്മി ജേക്കബ്, സെക്രട്ടറി<br>ജോഷി മാത്യൂ, സെക്രട്ടറി ഇൻ ചാർജ്<br>ഡോ.സീന ഇസ്മയേൽ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ഭരണസമിതി അംഗങ്ങൾ 22-23 | |
| 1-31 | 651250<br>197825 | ഗിരിജ കുമാരി അയ്യപ്പൻ, സെക്രട്ടറി<br>നിമ്മി ജേക്കബ്, സെക്രട്ടറി ഇൻ ചാർജ് | |
| 1-32 | 115819 | രമേഷ് പി ആർ, അസിസ്റ്റന്റ് സെക്രട്ടറി | |
| 1-37 | 427091 | ബെന്നി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ | |
| 1-38 | 20000 | ബെന്നി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ | |
| 1-42 | 285463 | ഗിരിജ കുമാരി അയ്യപ്പൻ, സെക്രട്ടറി<br>നിമ്മി ജേക്കബ്, സെക്രട്ടറി<br>ജോഷി മാത്യൂ, സെക്രട്ടറി ഇൻ ചാർജ് | 139146<br>127579<br>18738 |

| | | |
|---|---|---|
| 1-48 | 328514 | നീത ജോർജ്-ഐസിഡിഎസ് സൂപ്പർവൈസർ |
| **ആകെ** | 2166362 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/10/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98(വരവ്) | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/415(2) /2022/02.08.2022 | 1 |
| 1997-98(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/415/2022/02.08.2022 | 5 |
| 1998-99(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/415(3) /2022/02.08.2022 | 1 |
| 1998-99 (വരവ്) | കെ.എസ്.എ.-കെ.ടി.എം.പി13/1606/ 16/12.06.2017 | 1 |
| 1999-2000 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/415(4) /2022/02.08.2022 | 4 |
| 2000-01 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/415(3) /2022/02.08.2022 | 1 |
| 2001-02 | എൽ.എഫ്.കെ.പി.9/1044 /08/30.6.09 | 11 |
| 2000-01&01-02 ജനകീയാസൂത്രണം | കെഎസ്എ.കെടിഎം.പി-13/1604/16/ 22.01.2018 | 11 |
| 2002-03(ചെലവ്) | കെ.എസ്.എ.- | 1 |

| | | |
|---|---|---|
| | കെ.ടി.എം.പി11/അദാ-2022/961/2022/02.08.2022 | |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി9/81 /07/06.11.07 | 33 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി9/1046 /08/06.07.09/ 08.09.2009 | 11 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി9/827 /08/3.3.10 | 23 |
| 2004-05(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/961/2022/02.08.2022 | 1 |
| 2005-06 | എൽ.എഫ്.കെ.പി1/960 /അദാ/എൽ(3)/2011(6) /25.08.2011 | 14 |
| 2006-07 | എൽ.എഫ്.കെ.പി9/552 /14.5.2012 | 19 |
| 2007-08 | കെഎസ്എ കെടിഎം പി13/1612/2016/12.06.2017 | 11 |
| 2008-09 | എൽ.എഫ്.കെ.പി13/530(1) /13/15.6.2013 | 11 |
| 2009-10 | എൽ.എഫ്.കെ.പി.13/530(2) /13/15.6.2013 | - |
| 10-11&11-12 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(7)/18 /28.02.2018 | 10 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി.13/1609/16/ 07.6.2017 | 11 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.13/537/ 16/21.12.2016 | 10 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.13/1456/16/ 30.05.2017 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/974/ 17/16.08.2017 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.11/1422/ 17/25.1.2018 | 26 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.11/190/2019/ 4.02.19/7.12.2019 | 28 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.11/1956 /2020/ 17.09.2020 | 44 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.11/423/2022/23.03.2022/25.03.2022 | 33 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.11/424/2022/30.03.2022/02.04.2022 | 43 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി.11/424/2022/30.03.2022/02.04.2022 | 42 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 21-06-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Mundakayam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mundakayam Grama Panchayat for the year 2022-2023

**Date: 26/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Mundakayam Grama Panchayat for the Year 2022-2023 .

**1.Major Observations**

1.General Fund Details not maintained. Opening Balance Receipt Payment(OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023.

2.Non Disclosure of Assets-Assets not classified and valuated and accounted-Asset Register has not updated.

3.Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of curent year are not available.

4.Fixed Deposit actual amount differs in Fixed deposit register and AFS .

5.Interest in loan account also included in loan amount. Hence the actual loan repayment amount.
differs from AFS. B5 schedule not in match with B15 schedule.

**2.Other Observations**

1.Assets Generated during current year-detailed project wise and fundwise data not provided

2.Capital Work in Progress accounting and adjustment details and data not provided.

3.Closing balance of CFC grant bank account differs in RP 40(b) and B4 schedule. CFC bank account details not recorded in Appropriation control register.

4. Professon Tax (Institution, Professionals, Traders), licence DCB has not calculated and fixed by authority. property tax DCB does not match with AFS .

5. Appropriation control register of specific purpose grant does not match with AFS entries. Life (state share)

Beneficiary contribution, Suchitwa mission and literacy grant details recorded in ACR differs from AFS. Opening balance of funds can not be ascertained.

6. Entries of deposit register- Auction deposit , Contractors retention , Rent deposit differs from AFS.
7. Advance register entries of KSEB, Water Authority, Ground water dept differs from AFS.
8. Advance amount deposited in KSEB and Water authority has not accounted in Deposit head of account.
9. Closing balance of District Co-operative bank (a/c no.Â 50201806720425) , STSB (own fund old), Treasury TSB (WGDP) is nil as on 31/03/23 . But RP 40(b) shows an amount of 18909. 1413,90493 respectively in these accounts.
10. NREGA Income and expenditure of AFS differs from cash book.
11. Social security pension entries in Sevana entries does not match with AFS . Unemployment allowance amount not accounted in AFS.

**Deputy Director**
**District Audit Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്